Registered No. M-4485 Madras War Review, Malayalam—21-4-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ഏപ്രിൽ 21-ാംനു, വെള്ളിയാഴ്ച [ലക്കം 33

## സിലോൺ പ്രത്യാക്രമണത്തിന്നുള്ള താവളം

തെക്കുകിഴക്കൻ ഏഷ്യാ സൈനിക നേതൃത്വത്തിന്റെ തലസ്ഥാനം സിലോൺ ആക്കിയതു ജാപ്പാൻകാരോടുള്ള പരിപൂർണ്ണ എതിർപ്പിലെ ഒരു പുരോഗതിയെയാണു് കുറിക്കുന്നതു്. ഈ വസ്തുത, നമുക്കെല്ലാവർക്കും ഉത്തേജനവും ഉന്മേഷവും നൽകേണ്ട ഒന്നാണു്. പക്ഷെ അക്ഷമയും, അതിശുഭാപ്തിയും ബാധിക്കാതെ നാം സൂക്ഷിക്കണം.

സർവ്വസൈന്യാധിപതി ശത്രുക്കളിൽനിന്നു മടക്കിയെടുത്ത പ്രദേശത്തേക്കു തന്റെ തലസ്ഥാനം യഥാകാലം മാററുമെന്നു നമുക്കു പ്രതീക്ഷിക്കാം. പക്ഷെ, അദ്ദേഹം ഇവിടെയായിരിക്കുന്നേടത്തോളം കാലം ലോകത്തിന്റെ ആകമാനം ശ്രദ്ധ ഇതിന്നു മുൻപൊരിക്കലുമുണ്ടാകാത്ത അളവിൽ സിലോണിലേക്കു പതിയും. അതുകൊണ്ടു സിലോണിന്റെ പരിപൂർണ്ണ ശക്തിയും വിനിയോഗിക്കേണ്ടതായിവരുന്നു.

തികച്ചും രണ്ടു കൊല്ലങ്ങൾക്കു മുൻപു ജാപ്പാൻകാർ കൊളമ്പും ട്രിൻകോമലിയും ആക്രമിച്ചു. അതു നാം മറക്കുന്നില്ലെന്നുമാത്രമല്ല, ജാപ്പാൻകാരുടെ ആക്രമണത്തെ ആദ്യമായി എതിരിട്ട സിലോൺ തന്നെ ഇപ്പോൾ സഖ്യശക്തികളുടെ ജാപ്പാന്റെ നേർക്കുള്ള എതിർപ്പു താവളമാകുന്നതു ഉചിതവും നമുക്കു ചാരിതാർത്ഥ്യജനകവുമാണു്.

പൂർവ്വരംഗങ്ങളിലെ യുദ്ധം, യൂറോപ്പിലെ യുദ്ധത്തിനെ അതിഗമിക്കും. ആക്രമണത്തിൽനിന്നുള്ള ആപത്തുകളെ തരണംചെയ്യു; യുദ്ധക്ലേശം വർദ്ധിച്ചുകൊണ്ടും, ആവശ്യപരിശ്രമങ്ങൾ ചെയ്യാൻപോലും പ്രയാസമായും, ഇരിക്കുന്ന പരിതഃസ്ഥിതികളിൽ നാം ദീർഘകാലക്ലേശങ്ങൾ സഹിക്കാൻ തയ്യാറായിരിക്കേണ്ടതാണു്. ഒടുവിൽ, പ്രസ്തുത യുദ്ധകാര്യപരിശ്രമങ്ങൾ സിലോണിന്റെ ഒരു സഹനശക്തിപരീക്ഷക്കു തുല്യമായി കലാശിക്കും.

—സർവ്വസൈന്യാധിപതി ജിയോഫ്രി ലെയിററൺ, ഒരു പ്രസ്സ്
കോൺഫറൻസിൽവെച്ചു്, തിങ്കളാഴ്ച പറഞ്ഞതു്

ഉള്ളടക്കം


| | ഭാഗം | | ഭാഗം |
|---|---|---|---|
| സിലോൺ പ്രത്യാക്രമണത്തിനുള്ള താവളം .. | 1 | ജപ്പാൻെറ നേക്കു കൂടുതൽ കപ്പലുകൾ .. .. | 8 |
| വർത്തമാനച്ചുരുക്കം .. .. .. .. | 2 | റഷ്യക്കാർക്കു ബ്രിട്ടനെ പററിയുള്ള മതിപ്പു് .. .. | 9 |
| ആഴ്ചക്കുറിപ്പുകൾ .. .. .. .. | 3, 4, 6 | ഒരു ഗൃഢസങ്കേതം .. .. .. .. | 10 |
| ബർമ്മാ .. .. .. .. .. | 5 | ധീര രമണി .. .. .. .. .. | 11 |
| തിരുമാന്ധാംകുന്നു ക്ഷേത്രം പൂര മഹോത്സവം .. | 7 | പരാജയത്തിന്മേൽ .. .. .. .. | 12 |


# വർത്തമാനച്ചുരുക്കം

വളരെക്കാലം രോഗശയ്യയിലായിരുന്ന മ്യൂണിച്ചിലെ നാസിപ്രമാണി വാഗ്നർ മരിച്ചതായി ജർമ്മൻ റേഡിയോ പ്രസ്താവിക്കുന്നു.

* * *

ജനറൽ വിൻഗേയിററിൻെറ അനുഗാമിയായി മേജർ ജനറൽ ഡബ്ല്യൂ. ഡി. സി. ലെൻറയിനെ നിയമിച്ചിരിക്കുന്നു. അദ്ദേഹം മുമ്പു ചിൻഡിററ്സ് സൈന്യ വിഭാഗത്തിൻെറ ബ്രിഗേഡിയറായിരുന്നു. ഇപ്പോൾ ബർമ്മയിലെ ജാപ്പാൻ സൈന്യ നിരയുടെ നേക്കു പ്രവൃത്തിയിലിരിക്കുന്നു.

ബോംബേയിൽ ഈയിടെയുണ്ടായ അഗ്നിബാധയിൽനിന്നു ഉടനടി ഭവണ്ട നിവാരണങ്ങൾ ചെയ്യുന്നതിലേക്കായി അവിടത്തെ ഗവൺമെൻറ് 3,000 ഉറുപ്പികയും, ബഹു: വൈസറോയി അവർകൾ 5,000 ഉറുപ്പികയും സംഭാവന ചെയ്തിരിക്കുന്നു. ബോംബേയിലെ മേയരുടെ അദ്ധ്യക്ഷതയിൽ ഒരു ദുരിതനിവാരണ നിധി (റിലീഫ് ഫണ്ടു്) രൂപീകൃതമായിട്ടുണ്ടു്. ഒട്ടാകെ ആറുലക്ഷത്തോളം ഉറുപ്പിക ഇതുവരെ പിരിഞ്ഞു കിട്ടിയതായാണു് അറിയുന്നതു്.

റഷ്യയിലേക്കു ഭക്ഷണസാധനങ്ങൾകൊണ്ടു പോകുവാൻ ചെമ്പടയെ സഹായിച്ച പേർഷ്യൻ കടൽസൈന്യാധിപനായ മേജർ ജനറൽ ജോൺ ഡോനാൾഡ്-എച്ച്-കൊണോളിക്കു ഓർഡർ ഓഫ് സുവറോയ് (2-ാം ക്ലാസ്) എന്ന ഉന്നതമായ ബിരുദം റഷ്യൻ ഗവർമ്മെണ്ടു് നൽകിയിരിക്കുന്നു. ഇദ്ദേഹം കഴിഞ്ഞ ഡിസമ്പറിൽ ടെഹറാൻ സമ്മേളനത്തിൽ രക്ഷാമാർഗ്ഗത്തെപ്പററിയുള്ള ആലോചനകളിൽ സഹായിക്കയും, ജനുവരിയിൽ റഷ്യൻ സമരമുഖങ്ങളിൽ അഞ്ചു വാരംകൊണ്ടു ചുററി സഞ്ചരിക്കുകയും ചെയ്തു ആളാണു് വേറെയും മുപ്പത്തിമൂന്നു ആപ്പീസ്സർമാർക്കും പട്ടാളക്കാർക്കും റഷ്യൻ ബഹുമതികൾ കിട്ടിയിട്ടുണ്ടു്.

## എച്ച്. പി. പി.

### കച്ചവടക്കാരൻ വിലവിവരപ്പട്ടിക തരാൻ കൂട്ടാക്കുന്നില്ലെങ്കിൽ

ഭക്ഷണസാധനങ്ങളും, പ്രത്യേകം വില നിയന്ത്രിച്ചിട്ടുള്ള മററു സാധനങ്ങളുമൊഴിച്ചു, ഏതു സാധനവും പത്തോ അതിൽ കൂടുതലോ ഉറുപ്പികക്കു വാങ്ങുമ്പോൾ, വിലവിവരപ്പട്ടിക തരാത്തതു് സംഭരണാതിലാഭനിരോധന നിയമത്തിലെ 10-ാം വകുപ്പുപ്രകാരം ശിക്ഷാർഹമാണു്. പത്തുറുപ്പികയിൽ കുറഞ്ഞ സംഖ്യക്കു വാങ്ങുമ്പോഴും വിലവിവരപ്പട്ടിക ആവശ്യപ്പെടാൻ നിങ്ങൾക്കവകാശമുണ്ടു്. തരാതിരിക്കാൻ വ്യാപാരിക്കു പാടില്ലതാനും. വിലവിവരപ്പട്ടിക ആവശ്യപ്പെടുക. എന്തുകൊണ്ടെന്നാൽ അതാണു നിങ്ങളുടെ ഉത്തമ ക്ഷേമമാർഗ്ഗം.

ഓർമ്മിക്കുക : ഓരോ വ്യക്തിയും ഓരോ ഇൻസ്പെക്ടറെപ്പോലെ പ്രവർത്തിച്ചാൽ മാത്രമെ ഈ നിയമം വിജയപ്രദമാകുകയുള്ളൂ.

## എസ്. എസ്. എസ്.

ഇപ്പോൾ,

പണമുള്ളപ്പോൾ, നിങ്ങൾ സമ്പാദിക്കണം.

അല്ലെങ്കിൽ,

നിങ്ങൾക്കു ഒരിക്കലും അഭിവൃദ്ധിയുണ്ടാവുകയില്ല.


ദേശീയ സമ്പാദ്യപത്രം

വാങ്ങിക്കുവിൻ.

## ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം

242-ാമത്തെ ആഴ്ച

1939 സെപ്തമ്പർ 3-ാം തിയ്യതി ആരംഭിച്ചു



**യൂ-ബോട്ടുയുദ്ധം: ചർച്ചിൽ-റൂസ്‌വെൽട്ട് പ്രസ്താവന. ഹിററ്‌ലറുടെ "പ്രധാന ആയുധം" എങ്ങിനെ ഉപയോഗപ്പെടുത്തിവരുന്നു:**

ഏപ്രിൽ 9-ാംനുയിലെ ഒരു സംയുക്ത പ്രസ്താവനയാണിതു്. പ്രധാന മന്ത്രി ചർച്ചിലും, റൂസ്‌വെൽട്ടും യൂ-ബോട്ടിനോട് നേരിട്ടുകൊണ്ടുള്ള യുദ്ധഗതിയെ നിരൂപണം ചെയ്തിരിക്കുന്നു. കഴിഞ്ഞ മാസത്തിൽ, ബെറിങ്ങ് കടൽ മുതൽ ഇന്ത്യൻ മഹാസമുദ്രം വരെയുള്ള സ്ഥലത്തുതങ്ങളുടെ "പ്രധാന ആയുധം"കൊണ്ടു വിസ്തൃതമായ പ്രവൎത്തനം നടത്തി, വടക്കൻവഴിക്കു റഷ്യയിലേക്കു അനവരതം സഖ്യശക്തികളയച്ചുകൊണ്ടിരുന്ന ആഹാരക്കപ്പലുകളെ തടയുവാനായി ജൎമ്മൻകാർ വൃഥാ ക്ലേശം ചെയ്തിരുന്നതായി അവർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. കപ്പൽച്ചേതത്തെപ്പററി പ്രസ്താവിക്കുന്ന അവസരത്തിൽ, അതു അധികമുണ്ടായതു വിദൂര സമുദ്രങ്ങളിലാണെന്നും, അതിൻെറ സംഖ്യ ഫെബ്രുവരിയിലത്തേക്കാൾ അല്പം കൂടുതലാണെങ്കിലുംകൂടി, ഏറക്കുറെ തൃപ്തമായിട്ടെണ്ണാമെന്നും അവർ പറയുന്നു. സഖ്യശക്തികളുടെ ആഹാരക്കപ്പലുകൾ എണ്ണത്തിലും, ഗുണത്തിലും, മെച്ചപ്പെട്ടു വന്നുകൊണ്ടേയിരിക്കുന്നു. യൂ-ബോട്ടുകളുടെ കാൎയ്യമാണെങ്കിൽ അവയുടെ ശക്തി പരിമിതമാണെന്നുമാത്രമല്ല, ആകാശത്തുനിന്നും ഭൂമിയിൽനിന്നുമുള്ള സഹായം അവക്കു അനപേക്ഷണീയവുമാണു്. ഈ സംയുക്തപ്രസ്താവന, അററ്‌ലാൻറിക്ക് യുദ്ധത്തിൻെറ പ്രാധാന്യത്തേയും, ബ്രിട്ടൻെറ നേൎക്കുള്ള ഹിററ്‌ലറുടെ "പ്രധാന ആയുധ"ത്തിൻെറ മൂൎച്ച കുറക്കേണ്ടതിൻെറ ആവശ്യകതയേയും വീണ്ടും ദൃഢപ്പെടുത്തുന്നു.

1-A

## ആഴ്ചക്കുറിപ്പുകൾ

ബ്രിട്ടനുമായി യുദ്ധത്തിലേൎപ്പെട്ടതുമുതൽ, നാവികശക്തിയിൽ തനിക്കു ശത്രുവിനെജയിക്കാൻ കഴിയുകയില്ലെന്നു ഹിററ്‌ലൎക്കു നല്ലപോലെ ബോധമുണ്ടായിരുന്നു. തൻെറ നാവികസൈന്യത്തെ ബലപ്പെടുത്താൻ എത്രതന്നെ ശ്രമംചെയ്തിട്ടും അതിൽ ബ്രിട്ടനെ ജയിക്കാൻ ആയാൾക്കു സാധിച്ചില്ല. സഖ്യശക്തികളുടെ നാവികസൈന്യത്തെ കഴിയുന്നത്ര കുറക്കുകയാണു് തനിക്കു ചെയ്യാവുന്നതിൽ ഉത്തമമായ സംഗതിയെന്നു് കരുതി, അവരുടെ കപ്പലുകളെ നശിപ്പിക്കുന്നതിനായി ജൎമ്മൻകാർ യൂ-ബോട്ടു നിൎമ്മാണത്തിൽ ഏകാഗ്രമായി ഏൎപ്പെട്ടു.

**ഹിററ്‌ലറുടെ വിശ്വാസവും അററ്‌ലാൻറിക്കു് യുദ്ധത്തെക്കുറിച്ചുള്ള ബർളിൻെറ വൻപും:**

ബ്രിട്ടനെ ബലമായി നിരോധിച്ചു, അവസാനവിജയം നേടുന്നതിൽ യൂ-ബോട്ടിനുള്ള ശക്തിയെപ്പററി ഹിററ്‌ലൎക്കു പരിപൂൎണ്ണവിശ്വാസമുണ്ടായിരുന്നു. ബർളിൻ റേഡിയോ സദാസമയവും യൂ-ബോട്ടുകൾ വരുത്തിക്കൂട്ടിയ ശത്രുനാശത്തെപ്പററി പ്രലപിച്ചുകൊണ്ടിരുന്നു. നാലു കൊല്ലങ്ങൾക്കു മുൻപ് (1940 ആഗസ്റ്റ് 6-ാംനു) ബർളിൻ റേഡിയൊ പ്രസ്താവിച്ചതു നോക്കാം:

"ബ്രിട്ടനെ നിശ്ശേഷം നിരോധിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി പട്ടിണി കിടക്കുകയോ നിശ്ശേഷം പൊളിയുകയോ, ഈ രണ്ടിലൊരു ഗതിയേ ബ്രിട്ടനു ആശ്രയമുള്ളൂ."

അടുത്ത ദിവസം (ആഗസ്റ്റ് 7-ാംനു) "ബ്രിട്ടൻെറ കപ്പൽസൈന്യത്തെ മുക്കുന്നതിനും നശിപ്പിക്കുന്നതിനും രണ്ടു മാസം വേണ്ടിയിരിക്കും" എന്നു സമ്മതിക്കുന്നു.

ഏകദേശം പന്ത്രണ്ടു മാസങ്ങൾക്കു ശേഷം ഗീബ്ബെൽസ് (Goebbels) താണ സ്വരത്തിലാരംഭിച്ചു. 1941 ജൂലൈ 4-ാംനു റേഡിയോ സീസൻ പറയുന്നു: "അടുത്ത ഏതാനും മാസങ്ങൾ കൂടി ഇന്നത്തേ നിരക്കിൽ കപ്പൽ മുക്കൽ തുടൎന്നുകൊണ്ടു തന്നെ ജൎമ്മനിക്കു യുദ്ധത്തിൽ ജയം നേടാം."

ഒരു കൊല്ലം കൂടികഴിഞ്ഞു. 1942 ആഗസ്റ്റിൽ ജൎമ്മൻ ഹോം റേഡിയോ ലോകമാകെ പ്രഖ്യാപിച്ചു: "ബ്രിട്ടീഷുകാർ അററ്‌ലാൻറിക്കു് യുദ്ധത്തിൽ നിശ്ശേഷം പരാജിതരായിക്കഴിഞ്ഞിരിക്കുന്നു" എന്നു്.

ഈ കാലത്തു സംഗതികൾ അത്ര ആശാവഹമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, സഖ്യ ശക്തികളുടെ യൂ-ബോട്ടിനോടുള്ള പോരിൽ അനുകൂലമായ ഫലമുണ്ടായിരുന്നു എങ്കിലും, അവരുടെ കപ്പൽച്ചേതം വളരെ കൂടുതലായിരുന്നു. സമുദ്രത്തിൽ നമുക്കു നേരിട്ടിട്ടുള്ള നഷ്ടങ്ങൾ ഇനിയും വളരെ വലുതാണെങ്കിലും ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ ഈ മാസങ്ങളിലെ സ്ഥിതി മുൻമാസങ്ങളിലേതിനെ അപേക്ഷിച്ചു വളരെ ഭേദമാണെന്നു പറയാൻ എനിക്കു വളരെ സന്തോഷമുണ്ടു്.

1943ൽ ഗതിയാകെ മാറി. 1942ൽതന്നെ ഒരുക്കങ്ങൾ തുടങ്ങിവെച്ചിരുന്ന മുങ്ങിക്കപ്പൽനിരോധ (ആൻറി-സബ്‌മറൈൻ) യുദ്ധത്തിൻെറ ഫലങ്ങൾ കണ്ടുതുടങ്ങി.

**വേറൊരു ഡോനിട്സ് (Doenitz) ആക്രമണം പ്രതീക്ഷിക്കുന്നു— റഷ്യക്കു സഖ്യശക്തികളുടെ തുണക്കപ്പൽ—**

യൂ-ബോട്ടു സഖ്യശക്തിക്കു ശല്യം കൊടുക്കാതായിരിക്കുന്നു എന്നു ഇതു

കൊണ്ടർത്ഥമാകുന്നില്ല. കഴിഞ്ഞ മാസം (മാർച്ച് 7-ാംനു) ബ്രിട്ടൻെറ പ്രഥമ അഡ്മിറൽട്ടി പ്രഭുവായ മി. എ. വി. അലക്സാണ്ഡർ, ഡോനിട്സിൻെറ ഒരു പുതിയ പരീക്ഷണാക്രമണം വിസ്തീർണ്ണമായ സ്ഥലങ്ങളിലുണ്ടായേക്കാമെന്നും, ജർമ്മനിയുടെ യൂ-ബോട്ട് ശക്തി ഇനിയും ഗണ്യമായുണ്ടെന്നും കോമൺസ് സഭയിൽ പ്രസ്താവിക്കുകയുണ്ടായി. അതോടുകൂടി സഖ്യശക്തികൾക്ക യൂ-ബോട്ടാക്രമണ നിരോധനത്തിലുളള അനുകൂല ഗതിയേയും, ഭാവിയിലുളളതായ ആപത്തിനെയും കുറിച്ചു സൂചിപ്പിക്കുകയുംചെയ്തു. ഐക്യ രാജ്യത്തെ നാവിക സെക്രട്ടറിയായ കേണൽ നോക്സിൻെറ ഈയിടെയുണ്ടായ ഒരു പ്രസ്താവനയിൽ, ഉത്തര അത്‌ലാൻറിക്കിൽ അനവധി യൂ-ബോട്ടുകൾ സംഘമായി ചേർന്നു പ്രവർത്തനം ആരംഭിച്ചേക്കാനിടയുണ്ട് എന്നു കാണുന്നു.

ഇതുവരെ യൂ-ബോട്ടുകൾ പ്രവർത്തിച്ചിരുന്നതു മിക്കവാറും അററ്ലാൻറിക്കിലും, ഉത്തരസമുദ്ര (North Sea) ത്തിലുമാണ്. പക്ഷെ, സഖ്യശക്തികളുടെ പ്രത്യാക്രമണങ്ങൾ ഇവയെ അവിടെനിന്നെല്ലാം ഓടിച്ചിരിക്കുന്നു. അതിൻെറ ഫലമായി അവരുടെ ആക്രമണം വിദൂര സമുദ്രങ്ങളിലേക്കു വ്യാപിപ്പിച്ചു. ഈ ആക്രമണഫലമായി മാർച്ചിൽ ഉണ്ടായ വർദ്ധിച്ച കപ്പൽനഷ്ടത്തെപ്പററിയാണ് ചർച്ചിലിൻെറയും റൂസ്‌വെൽട്ടിൻെറയും സംയുക്ത പ്രസ്താവനയിൽ സൂചിപ്പിച്ചിരിക്കുന്നതു്. റഷ്യയിലേക്കു പോയിരുന്ന സഹായക്കപ്പലുകളുടെമേൽ കൂടുതൽ യൂ-ബോട്ടാക്രമണങ്ങൾ ഉണ്ടായിരുന്നതും അതു കാരണമാണ്. സഹായക്കപ്പലുകൾ മിക്കവാറും അനുയാന കപ്പലു (escort vessels) കളാലും വിമാനസേനയാലും പരിരക്ഷിതമായിട്ടാണ് പോകുന്നതു്. ആവശ്യക പരിരക്ഷണ സൈന്യത്തെ വർദ്ധിപ്പിക്കുന്നതുവരെ, ഇമ്മാതിരി നാശങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ ഐക്യശക്തികളുടെ നിർമ്മാണവേഗതയാൽ ഈ കുറവു വേഗം പരിഹരിക്കപ്പെടും.

ചർച്ചിൽ-റൂസ്‌വെൽട്ട് സംയുക്ത പ്രസ്താവന റഷ്യയിലേക്കു പോയിരുന്ന സഹായക്കപ്പലുകളെപ്പററിയാണ്. ഐക്യശക്തികളുടെ ഭക്ഷണക്കപ്പലുകൾ റഷ്യയിലെത്തിക്കാതിരിക്കാൻ വളരെക്കാലമായി ജർമ്മൻകാർ ശ്രമിച്ചുകൊണ്ടിരിക്കയായിരുന്നു. അവർ അതിലേക്കു അനവധി നഷ്ടങ്ങൾ പോലും സഹിച്ചിട്ടുണ്ട്. കഴിഞ്ഞ ഡിസമ്പർ 26-ാംനു നോർത്തു കേപ്പ് (North Cape) ൽ നിന്നു കുറച്ചകലെ വെച്ച് ഒരു സഹായ കപ്പലിനെ ആക്രമിച്ചപ്പോൾ 'ഷാൻഹെർസ്റ്റ്' (Scharnherst) എന്ന വലിയ യുദ്ധക്കപ്പൽ ജർമ്മൻകാർക്കു നഷ്ടമായതു് ഓർമ്മിക്കുമല്ലൊ. 'ട്രിപിററ്സ്' (Tripitz) എന്ന 42,000 ടൺ ഭാരമുളള യുദ്ധക്കപ്പലിന്നു ഈ മാസം 3-ാം തിയ്യതി വൈകല്യമേർപ്പെട്ടതാണ് അവരുടെ മറെറാരു മഹാവിപത്തു്. സഖ്യശക്തികളുടെ അസംഖ്യം സഹായക്കപ്പലുകൾ നാൾക്കുനാൾ റഷ്യയിൽ എത്തിച്ചേരുന്നതുതന്നെ, നമ്മുടെ മുങ്ങിക്കപ്പൽ നിരോധന വിജയത്തിൻെറ ഒരു പ്രത്യക്ഷ തെളിവാണ്.

മി. എ. വി. അലക്സാണ്ഡർ മാർച്ച് 7-ാം തിയ്യതിയിലെ തൻെറ ഒരു പ്രസ്താവനയിൽ "യൂ-ബോട്ടുകളുടെ സംഖ്യ 1943 ൻെറ ആരംഭത്തിലുണ്ടായിരുന്നതു തന്നെയാണ്" എന്നു കണക്കാക്കിയിരിക്കുന്നു. എന്നാൽ, പ്രവർത്തനത്തിലുളള യൂ-ബോട്ടുകളുടെ സംഖ്യയിൽ ഒരു കുറവു കാണുന്നുണ്ട്. ഇതു ജർമ്മനിക്കു വേണ്ടത്ര യൂ-ബോട്ടുകളില്ലാത്തതു കൊണ്ടല്ല, എന്തുകൊണ്ടെന്നാൽ, അവർക്കു അസംഖ്യം യൂ-ബോട്ടുകൾ ഇനിയും ഉണ്ട്; പക്ഷെ, അഡ്മിറൽ ഡോണിററ്സ് (Doenitz) ഭീമമായ ഒരു യൂ-ബോട്ടു ആക്രമണത്തിന്നു തയ്യാറായേക്കുമെന്നുളളതു കൊണ്ടാണ്. ഐക്യശക്തികൾ അതിന്നു തയ്യാറാണ്; ജർമ്മൻകാരുടെ എത്ര ശക്തിപൂർവ്വമായ ആക്രമണത്തേയും എതിർക്കുവാൻ അവർ ശക്തരാണ്.

1943 ഫെബ്രുവരി 11-ാം തിയ്യതി കോമൺസ് സഭയിലെ പ്രസംഗമദ്ധ്യേ "യൂ-ബോട്ടിനോടുളള യുദ്ധത്തിൽ വിജയം ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. നാം ഒട്ടും വിട്ടുകൊടുത്തിട്ടില്ലെന്നുമാത്രമല്ല, കുറച്ചുകൂടി പറയാവുന്നതാണ്" എന്നു ചർച്ചിൽ പറയുകയുണ്ടായി.

മൂന്നര മാസംകഴിഞ്ഞു പോർട്ട്സ്മൌത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കവെ മി. ആന്തണി ഈഡൻ പറഞ്ഞതിപ്രകാരമാണ്: "അററ്ലാന്തിക്ക് വാർത്ത പ്രോത്സാഹജനകമായിത്തന്നെയിരിക്കുന്നു. നമ്മുടെ കച്ചവടക്കപ്പൽനിർമ്മാണം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു, നമ്മുടെ കച്ചവടക്കപ്പൽച്ചേതം കുറഞ്ഞുകൊണ്ടേയിരിക്കുന്നു, യൂ-ബോട്ടുകളുടെ കപ്പൽ മുക്കൽ വർദ്ധിച്ചുതന്നെവരുന്നു. യൂ-ബോട്ടുയുദ്ധം ഭയങ്കരമായി നടക്കുന്നു. ഇതുവരെ ഒരു തീരുമാനവും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. പക്ഷെ, നമുക്കു മുൻപിലേത്തെക്കാൾ കൂടുതൽ എന്തോ ആശിക്കാമെന്നെങ്കിലും പറയാം."

മുക്കപ്പെട്ടതിലെത്രയോ കൂടിയ തോതിൽ സഖ്യ ശക്തികൾ കച്ചവട

(ശേഷം 6-ാം പേജിൽ)

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

1944 ഏപ്രിൽ 21-ാംനു, വെള്ളിയാഴ്ച

## ബർമ്മാ

കഴിഞ്ഞയാഴ്ചയിൽ ബർമ്മാ രംഗത്തിൽ പറയത്തക്ക വിശേഷവിധികളൊന്നും ഉണ്ടായിട്ടില്ല. കൊഹിമ ഇപ്പോഴും ഐക്യശക്തികളുടെ അധീനത്തിൽതന്നെയാണു്. ടാമു പട്ടണം ജാപ്പാൻകാർ കൈവശപ്പെടുത്തുകയുണ്ടായി. ഇതു് ഈയിടെ പണിചെയ്യു നിരത്തിന്മേലാണു് സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു് ബിഷ്ണൻപൂർ-സിൽക്കർ വഴി തൽക്കാലം ഐക്യ ശക്തികൾക്കു ഉപയോഗിക്കാൻ നിവൃത്തിയില്ലാതായിട്ടുണ്ടെങ്കിലും, സൈനിക ദൃഷ്ട്യാ ആ പട്ടണത്തിന്നു പ്രധാന്യമുള്ളതായി അധികൃതന്മാർ കരുതുന്നുണ്ടെന്നു തോന്നുന്നില്ല. ടിഡ്ഡിം-ഇംഫാൽ റോഡു് സ്വാധീനമാക്കാനും ഒരു ജാപ്പാൻ സൈന്യവിഭാഗം ശ്രമിക്കുകയുണ്ടായി. അതു ഫലിച്ചില്ല. തലസ്ഥാന പട്ടണമായ ഇംഫാൽ വളയുവാനാണു് ശത്രുക്കൾ ശ്രമിക്കുന്നതെന്നു സ്പഷ്ടമാകുന്നുണ്ടു്. എന്നാൽ അതിന്നു തക്കതായ സൈന്യമോ, കാട്ടിൽ നിന്നിറങ്ങി മൈതാനത്തിൽ വന്നു ഐക്യ സേനയെ നേരിടാനുള്ള പരിശ്രമമോ ഇതുവരെ ശത്രുക്കൾ പ്രത്യക്ഷപ്പെടുത്തിയിട്ടില്ല. ഇംഫാൽ ഐക്യ ശക്തികളുടെ സജ്ജീകരണം എത്രത്തോളമുണ്ടെന്നു് അറിയുവാനുള്ള പ്രയോഗങ്ങളേ ഇതുവരെ ചെയ്യിട്ടുള്ളു. ഒന്നുകിൽ ശത്രുക്കൾക്കു സൈന്യബലം തികഞ്ഞിട്ടില്ല, അല്ലെങ്കിൽ മഴക്കാലം വരുവാൻ അവർ കാത്തിരിക്കുകയാണു്. ചില പ്രധാന സ്ഥലങ്ങളിൽ സങ്കേതമുറപ്പിച്ചു് എതിർത്താൽ ശത്രുവിന്റെ കാട്ടുനയത്തിന്നു പ്രതിവിധിയാവുമെന്നുമാത്രമല്ല, ക്രമേണ വിജയം കരസ്ഥമാക്കുകയുമാവാമെന്നു ഐക്യ സംസ്ഥാനത്തിലെ യുദ്ധമന്ത്രി അഭിപ്രായപ്പെട്ടു കാണുന്നുണ്ടു്. ഈ നയം താൽക്കാലികമോ, നീണ്ടുനില്ക്കുന്നതോ എന്നു വിശദമാകുമെന്നു തോന്നുന്നില്ല. ഏതു വിധമായാലും, അനവധി ദിവസങ്ങളായി ഉറപ്പിച്ചുവന്ന രക്ഷാമാർഗ്ഗങ്ങൾ താറുമാറാകാതിരിക്കണമെങ്കിൽ, ശത്രുക്കളെ അങ്ങോട്ടെതിർക്കുന്നതിന്നു കാലവിളംബം വരുത്തരുതെന്നു അവരുടെ തൽക്കാലസ്ഥിതിയിൽനിന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

## റഷ്യ

റഷ്യയുടെ വിജയക്കൊടി പൊങ്ങിപ്പറന്നുകൊണ്ടു തന്നെയാണിരിക്കുന്നതു്. ഒഡേസ്സാ പിടിച്ചതിനെപ്പററി കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ജനറൽ ടോംബുഖിൻ ഉടനെ സെബാസ്റ്റപ്പോളിലേക്കു തിരിഞ്ഞിട്ടുണ്ടു്. റഷ്യക്കാർ എട്ടു മാസം എതിർത്തതിന്നുശേഷമേ അതു വിട്ടുകൊടുക്കുകയുണ്ടായുള്ളു. അതു ഉടനെ തിരിയെ കിട്ടുമെന്നു ആശിക്കാം. എന്നുമാത്രമല്ല, അനവധി ജർമ്മൻകാർ അവിടെ കുടുക്കിലായിട്ടുണ്ടു്. തടവുകാരുടെ സംഖ്യവർദ്ധനയിൽനിന്നു അവരിൽ മിക്കവരും റഷ്യക്കാർക്കു അധീനമാകുമെന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

## വിമാനാക്രമണം

ആംഗ്ലേയാമേരിക്കൻ വിമാനാക്രമണങ്ങൾ ഈ ആഴ്ചയിലെ ഒരപൂർവ്വസംഭവമാണു്. ഒരു ദിവസം 2,000 ത്തോളം വിമാനങ്ങൾ ജർമ്മനിയേയും ഫ്രാൻസിനേയും ആക്രമിക്കുന്നുണ്ടു്. ശത്രുവിന്റെ ആയുധശാലകൾക്കു നേരെയാണു് ഈ പ്രയോഗങ്ങളെല്ലാം. മറെറാരു സമരമുഖം സൃഷ്ടിക്കാനുള്ള ഒരു പൂർവ്വാംഗമായി ഈ സംരംഭത്തെ കരുതാവുന്നതാണു്. ആകാശത്തിൽ ആധിപത്യം കിട്ടിയാൽ ഭൂമിയിൽ രക്ഷ കൂടുമെന്നായിരിക്കണം അധികൃതന്മാരുടെ മതം. ഇററലിയിൽനിന്നു ജർമ്മൻ സേനയെ അകററണമെങ്കിൽ, മറെറാരു രംഗം താമസിയാതെ ആരംഭിക്കേണമെന്നു ഒട്ടൊക്കെ തീർച്ചയായി.

(4-ാം പേജിൽനിന്നു തുടർച്ച)

കപ്പലുകൾ നിർമ്മിച്ചിരുന്നുവെന്നിരുന്നിട്ടും, യൂ-ബോട്ടുനിരോധമാർഗ്ഗങ്ങളിൽ അപാരമായ വിജയങ്ങളുണ്ടായിരുന്നിട്ടും, ജർമ്മൻ പ്രചരണം പഴയ പടിക്കുതന്നെ നടന്നിരുന്നു. 1943 ജനുവരി 1-ാം തിയ്യതി ബർളിനിൽനിന്നു "ജർമ്മൻ യൂ-ബോട്ടു ശക്തി ഓരോ മാസവും കൂടുതൽ ശക്തിമത്തായി വരുന്നു. . . . . . . തീർച്ചയായും, ഈ മത്സരത്തിൽ യൂ-ബോട്ടുകൾ ഒന്നാമതു് പിൻവാങ്ങുന്ന ലക്ഷണമേ കാണുന്നില്ല." എന്നൊരു പ്രക്ഷേപണം കേട്ടിരുന്നു.

ഒരു മാസത്തിന്നുശേഷം, "ബ്രിട്ടീഷുസാമ്രാജ്യം പെരിസ്കോപ്പുകളാൽ നശിപ്പിക്കപ്പെടാൻ പോകുന്നു എന്നും സഖ്യശക്തികളുടെ കപ്പൽ നഷ്ടം നാൾതോറും കൂടിക്കൊണ്ടേയിരിക്കുന്നു" എന്നും ഒരു ബർലിൻ പ്രഖ്യാപനത്തിൽ കേട്ടു. കുറച്ചു കഴിഞ്ഞതെപ്പോൾ മട്ടുമാറി. മേയ് മാസം 6-ാം തിയ്യതി സുപ്രസിദ്ധ ജർമ്മൻവാഗ്മിയായ ലൂയെററ്സൌ (Luetzow) പറഞ്ഞതിപ്രകാരമാണ്:

"ഈ മുങ്ങിക്കപ്പൽ വിജയങ്ങൾ അനുക്രമം കേറിക്കൊണ്ടിരിക്കുമെന്നു ആശിക്കേണ്ടതില്ല. . . . മുങ്ങിക്കപ്പലുകളിൽ നിന്നു തന്നെത്താൻ വിജയപൂർവ്വം രക്ഷിക്കുന്നതിലേക്കു നമ്മുടെ ശത്രു തന്റെ ത്രിവിധകരണങ്ങളും പ്രയോഗിക്കുന്നുണ്ടു്."

രണ്ടു മാസം കഴിഞ്ഞു് (1943 ജൂലൈയിൽ) അദ്ദേഹം പറഞ്ഞു:

"നമ്മുടെ ശത്രുക്കൾ തങ്ങളുടെ യൂ-ബോട്ടു നിരോധനം വർദ്ധിപ്പിച്ചിരിക്കുന്നു. അതിന്റെ ഫലമായി, അവർ തങ്ങളുടെ തീരംവിട്ടിറങ്ങിയതു മുതൽ മടങ്ങി അവിടെയെത്തുന്നതുവരെ അവരുമായി നേരിടുന്ന സകല പ്രവർത്തനങ്ങളും നമുക്കു അതിക്ലേശഭൂയിഷ്ടവും, അവിച്ഛിന്നവുമാണു്. നമ്മുടെ യൂ-ബോട്ടു യുദ്ധം വളരെ കട്ടപ്പുള്ളതായി തീർന്നിട്ടുണ്ടു്. ചുരുക്കത്തിൽ, ഇപ്പോൾ നമ്മുടെ ശത്രുവിനാണു് വിജയം. ഇനിയും, തന്റെ നിരോധനത്തെ ബലപ്പെടുത്താൻ കഴിയുന്നതെല്ലാം അവൻ ചെയ്യുവരുന്നു. പക്ഷെ, അവന്റെ അനുകൂലനിലയെ തട്ടിയെടുക്കാനായി നാം സകല ശക്തികളും വിനിയോഗിക്കുന്നുണ്ടു്."

മുൻപു ലൂയെററ്സൌ സൂചിപ്പിച്ച നിരോധനമാർഗ്ഗങ്ങൾ, കൂടുതലും ബലതരവുമായി സഖ്യ കപ്പലുകൾ നിർമ്മിക്കുക, അവയെ നല്ലവണ്ണം നയിക്കുക എന്നിവയാണു്. സംഖ്യയിൽ വരുത്തുന്ന വൃദ്ധികൊണ്ടു നാശത്തിൽനിന്നുള്ള ക്ലേശം ലഘൂകൃതമാകയും, സൈന്യസാമാനാദികളെ ഒരോ യുദ്ധരംഗങ്ങളിലേക്കു കൊണ്ടുപോകാൻ സഹായകമാകയും ചെയ്യുന്നു. കപ്പൽനിർമ്മാണത്തിൽ പുതുതായുണ്ടായിട്ടുള്ള ആ ഭീമവർദ്ധന യൂ-ബോട്ടുകളെ മിക്കവാറും പരാജയപ്പെടുത്തിയിരിക്കുന്നു. ഐക്യനാടുകളിലെ യുദ്ധോല്പാദന ബോർഡിന്റെ അദ്ധ്യക്ഷനായ മി. ചാർത്സ് വിൽസൺ, അവിടത്തെ കച്ചവടക്കപ്പൽനിർമ്മാണം 1941-നും 1943-ം ഇടക്കു് 1,088,000-ൽനിന്നു് 19,000,000 ആയി വർദ്ധിച്ചിട്ടുണ്ടെന്നു കുറച്ചു മുൻപു പ്രസ്താവിച്ചതു് ഈ സന്ദർഭത്തിൽ അനുസ്മരിക്കാവുന്നതാണു്. 1943 ലേതിന്റെ 80 ശതമാന വർദ്ധനവു 1944-ൽ ഉണ്ടായിരിക്കുമെന്നു അദ്ദേഹം പറയുന്നു. കൂടാതെ ബ്രിട്ടനിലെയും, കാനഡയിലേയും, ഓസ്ട്രേലിയയിലേയും കപ്പൽ നിർമ്മാണത്തിലും ഭീമമായ വർദ്ധന കാണുന്നു. കപ്പൽനിർമ്മാണം, കപ്പൽ നാശത്തെ പരിഹരിക്കുവാൻ തക്കതിലും അധികരിച്ചിട്ടുണ്ടെന്നു പറയാം.

## സഖ്യശക്തികളുടെ യൂ-ബോട്ടു ശല്യനിരോധനം.

യൂ-ബോട്ടു യുദ്ധത്തിൽ പ്രത്യേകം ശ്രദ്ധാവഹമായി ഒരു സംഗതി കൂടിയുണ്ടു്. അതു മുങ്ങിക്കപ്പലുകളെ തന്നെ തട്ടിക്കളയുവാനുദ്ദേശിച്ചുള്ള നിരോധനരീതിയാണു്. യൂ-ബോട്ടു നാശങ്ങളെ നേരിടുന്നതിനുള്ള രീതികളിൽ അനവധി പുതുക്കങ്ങൾ അഥവാ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്. ഇതിന്റെ ഫലമായി കച്ചവടക്കപ്പലുകളുടെ നഷ്ടം വളരെ കുറഞ്ഞിട്ടുണ്ടെന്നുമാത്രമല്ല, പിന്നെയോ, മുങ്ങിക്കപ്പലുകൾക്കു അനവധി അപായങ്ങൾ വരുത്തിയിട്ടുമുണ്ടു്. ജർമ്മൻ കപ്പൽനിർമ്മാണശാലകൾ യൂ-ബോട്ടുകളുടെ നഷ്ടത്തെ പുതിയവ കൊണ്ടു പരിഹരിക്കുന്നുണ്ടാവാം. പക്ഷെ, സഖ്യശക്തികളുടെ ആക്രമണങ്ങൾ ജർമ്മൻകാരുടെ കേന്ദ്രങ്ങളിലെ പരിശ്രമങ്ങളെ അസാദ്ധ്യമാക്കുന്നില്ലെങ്കിലും, അത്യന്തം ക്ലേശഭൂയിഷ്ഠമാക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ല.

യൂ-ബോട്ടു ആക്രമണനിരോധത്തെ നാലായി തരം തിരിക്കാം: (1) യൂ-ബോട്ടു നിർമ്മാണശാലകളിൽ വ്യോമാക്രമണം നടത്തുക, (2) ഫ്രാൻസിലും ഹോളണ്ടിലുമുള്ള യൂ-ബോട്ടുതാവളങ്ങളെ വിമാനം വഴി ആക്രമിക്കുക, (3) യൂ-ബോട്ടിന്റെ ഭാഗങ്ങളുണ്ടാക്കിവരുന്ന ജർമ്മൻ വ്യവസായശാലകളിലും മററു വ്യവസായശാലകളിലും ബോംബിടുക, (4) യൂ-ബോട്ടുകളെ കടലിൽവെച്ചു, വിമാനമാർഗ്ഗവും, അകമ്പടിക്കപ്പലുകളുടെ സഹായത്തോടുകൂടിയും ആക്രമിക്കുക. സഖ്യശക്തികളുടെ യൂ-ബോട്ടാക്രമണനിരോധ രീതികളുടെ ഫലം, അഡോൾഫ് വാഗ്നർ പറഞ്ഞതായുള്ള വോൾക്കിഷെർ ബിയോബാച്ച്ററർ (Volkischer Beobachter) റിപ്പോർട്ടിൽനിന്നും വ്യക്തമാകുന്നുണ്ടു്. [വാഗ്നർ ഹിററ്ലറുടെ ഒരു പൂർവ്വ സഹപ്രവർത്തകനായിരുന്നു. അദ്ദേഹത്തിന്റെ മരണം (തിങ്കളാഴ്ച) ബർളിനിൽനിന്നു പ്രഖ്യാപനം ചെയ്യിരിക്കുന്നു.] ഈ റിപ്പോർട്ടിലെ പ്രത്യേക ലേഖനത്തിൽ "ശത്രുക്കൾ നമ്മുടെ യൂ-ബോട്ടാക്രമണത്തിൽനിന്നു വിജയപ്രദമായ രക്ഷാമാർഗ്ഗങ്ങൾ കണ്ടുപിടിച്ചിരിക്കുന്നതിനാൽ നാം അതിൽനിന്നു പിൻമാറേണ്ടിവന്നിരിക്കുന്നു" എന്നു കാണുന്നു.

# അങ്ങാടിപ്പുറം തിരുമാന്ധാംകുന്നു ക്ഷേത്രം
# പൂര മഹോത്സവം

ദേശീയസമരമുന്നണി പ്രചരണകേന്ദ്രം

അനേകായിരം ആളുകൾ ആകർഷിക്കപ്പെടുന്ന ഒരു മഹോത്സവമാണ് അങ്ങാടിപ്പുറത്തെ തിരുമാന്ധാംകുന്നു ഭഗവതീ ക്ഷേത്രത്തിൽ ആണ്ടുതോറും നടക്കാറുള്ള പൂര മഹോത്സവം. തുടർച്ചയായി പതിനൊന്നു ദിവസം ഈ ഉത്സവം നടക്കുന്നു. വള്ളുവനാട്ടു താലൂക്കിന്റെ തലസ്ഥാനമായ പെരിന്തൽമണ്ണക്കു രണ്ടു നാഴിക പടിഞ്ഞാറുവശം സ്ഥിതിചെയ്യുന്ന അങ്ങാടിപ്പുറവും, അവിടത്തെ മാന്ധാതൃശൈലേശ്വരീ ക്ഷേത്രവും ചരിത്രപ്രസിദ്ധങ്ങളാകുന്നു.

ഇക്കൊല്ലം പ്രസ്തുതപൂരം മാർച്ച് 30-ാംനു ആരംഭിച്ചു ഏപ്രിൽ 9-ാംനു യോടുകൂടി അവസാനിക്കുകയും ചെയ്തു. നാനാപ്രദേശങ്ങളിൽ നിന്നുമായി ആയിരക്കണക്കിന്നു ആളുകൾ വന്നു ചേരാൻ തുടങ്ങുന്നതു ഏഴാം പൂരം മുതല്ക്കാണ്. അന്നു മുതല്ക്കു ദേശീയസമരമുന്നണിവക ഒരു പ്രചരണകേന്ദ്രം അവിടെ തുറന്നിരുന്നു. ആളുകൾ അധികമായി കൂടുന്നതും, പൂരപ്പറമ്പിന്റെ ഏതു ഭാഗത്തുനിന്നു നോക്കിയാലും കാണുന്നതുമായ ഒരു പ്രധാന സ്ഥലത്തു അതിവിശാലമായി ഒരു പന്തൽ കെട്ടി ചേതോഹരമായവിധത്തിൽ അലങ്കരിച്ചതിലാണ് ദേശീയസമരമുന്നണിയുടെ പ്രചരണയോഗം നടത്തിയിരുന്നതു്.

7-ാം പൂരദിവസം (ഏപ്രിൽ 5-ാംനു) പ്രസ്തുതക്യാമ്പ്, പൌര പ്രധാനികളും പൊതുജനങ്ങളും ഉദ്യോഗസ്ഥ പ്രമുഖന്മാരുമായ അനേകം ആളുകളുടെ സാന്നിദ്ധ്യത്തിൽ, ക്ഷേത്രം എക്സിക്യൂട്ടിവ് ആഫീസർ ശ്രീ എൻ. കെ. കൃഷ്ണൻ നമ്പൂതിരി അവർകൾ ഉൽഘാടനം ചെയ്തു. സദസ്യരെ സ്വാഗതം ചെയ്തുകൊണ്ടു സമരമുന്നണിയുടെ വള്ളുവനാട്ടു താലൂക്കു ഓർഗനൈസർ ശ്രീ എം. എ. കുമാര പണിക്കർ, ബി.എ., ബി.എൽ. പ്രസംഗിച്ചു. ഉൽഘാടനകർമ്മത്തെ തുടർന്നു നടന്ന പൊതുയോഗത്തിൽ ഒററപ്പാലത്തെ ഒരു പൌരപ്രമാണിയും, ബഞ്ചു മജിസ്ട്രേട്ടും, പ്രസിദ്ധ വാഗ്മിയുമായ ശ്രീ പി. കെ. റാം വിജ്ഞാനപ്രദമായ ഒരു പ്രസംഗം ചെയ്തു. താലൂക്കു പ്രചാരകൻ മുഹമ്മദ് ഷാഫീ സാഹിബിന്റെ നന്ദിപ്രകടനത്തോടുകൂടി അന്നത്തെ പൊതുയോഗം പര്യവസാനിച്ചു.

പ്രചരണകേന്ദ്രത്തിൽ ആകർഷണീയമായ വിധത്തിൽ സ്ഥാപിച്ചിരുന്ന മാതൃകാവായനശാലയിൽ ഒട്ടനവധി ഗ്രന്ഥങ്ങളും ലഘുലേഖകളും ഉണ്ടായിരുന്നു. പ്രതിദിനം എത്രയൊ ആളുകൾ അവ വായിച്ചും വന്നിരുന്നു.

ഏപ്രിൽ 6-ം 7-ം തിയ്യതികളിലും കേന്ദ്രത്തിൽ ഒട്ടേറെ ആളുകൾ സന്നിഹിതരായിരുന്നു. അവക്കു യുദ്ധസ്ഥിതിയേയും, റെഡ് ക്രോസ്സ് വാരത്തെയും, ദേശീയ സമ്പാദ്യപദ്ധതിയേയും മററും പററി പ്രചാരകൻ മുഹമ്മദ് ഷാഫീ സാഹിബ് വിവരിച്ചു കൊടുത്തിരുന്നു.

ഏപ്രിൽ 8-ാംനു-യായിരുന്നു 10-ാം പൂരം. അന്നു കണക്കില്ലാത്തത്ര ആളുകൾ പൂരം കാണ്മാൻ വന്നിരുന്നു. ദേശീയസമരമുന്നണി വക പ്രചരണ വാഹനവും ജൂനിയർ ഡിസ്ട്രിക്ട് ലക്ചറർ ശ്രീ എം. അശോകനും അന്നു എത്തിച്ചേർന്നു. മലപ്പുറം റവന്യൂ ഡിവിഷനൽ ആഫീസർ ജെ. പി. എൽ. ഗ്വിൻ, ഐ.സി.എസ്സ്., മലബാർ സ്പെഷ്യൽ പോലീസ്സ് കമാണ്ടന്റും പത്നിയും, അസിസ്റ്റണ്ട് കമാണ്ടന്റും പത്നിയും, തുടങ്ങി അനേകം യോഗ്യന്മാരും അന്നു ക്യാമ്പിൽ ആഗതരായി. അങ്ങിനെ ഉത്സാഹപൂർണ്ണവും ജനനിബിഡവുമായ ഒരന്തരീക്ഷത്തിൽ പ്രചരണകേന്ദ്രത്തിന്റെ പൊതുയോഗം ചേർന്നു. മിസ്റ്റർ ഗ്വിൻ, ഐ. സി. എസ്സ്., യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. അദ്ദേഹത്തിന്റെ ഇംഗ്ലീഷിലുള്ള അദ്ധ്യക്ഷപ്രസംഗത്തെ താലൂക്കു പ്രചാരകൻ മുഹമ്മദ് ഷാഫീ സാഹിബ് മലയാളത്തിൽ പരിഭാഷപ്പെടുത്തി. പാലക്കാട്ടെ ഒരഭിഭാഷക പ്രധാനിയായ ശ്രീ കെ. എസ്സ്. രാമകൃഷ്ണയ്യർ, ബി.എ., ബി.എൽ., ശ്രീ വി. രാഘവ പണിക്കർ, ശ്രീ എം. എ. കുമാര പണിക്കർ, ബി.എ., ബി.എൽ., അഫ്സലൽ ഉലമാ മൌലവി എ. പി. മുഹമ്മദാലി സാഹിബ്, എം. എസ്സ്. പി. അസിസ്റ്റാണ്ട് കമാണ്ടന്റ് ശ്രീ ബി. എസ്സ്. മൂർത്തി, എം.എ., ബി.എൽ, പ്രസിദ്ധ ജാലവിദ്യാവിദഗ്ദ്ധനായ പ്രഫസർ വാഴകുന്നത്തു നമ്പൂതിരി, മുതലായ വാഗ്മികൾ അന്നു സാരഗർഭമായ പ്രസംഗങ്ങൾ നടത്തുകയും, പ്രചരണ വാഹനം വക സിനിമാ പ്രദർശനവും ഉണ്ടായി.

പിറേറ ദിവസം (ഏപ്രിൽ 9-ാംനു) പതിനൊന്നാം പൂരമായിരുന്നു. ദേശീയസമരമുന്നണിയുടെ ഡിസ്ട്രിക്ട് ഓർഗനൈസർ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായർ അവർകൾ, ബി.എ. യുടെ സാന്നിദ്ധ്യം ക്യാമ്പിലെ ശ്രമങ്ങൾക്കു മുൻദിവസങ്ങളെക്കാൾ പതിന്മടങ്ങു ഉന്മേഷവും ഗാംഭീര്യവും ചേർത്തു. അവസാനത്തെ പൂരമായിരുന്നതിനാൽ, അന്നു മുൻ ദിവസത്തേക്കാൾ എത്രയോ ഇരട്ടി ആളുകളും എത്തിച്ചേർന്നിരുന്നു.

എല്ലാംകൊണ്ടും അതിഗംഭീരമായിരുന്ന അന്നത്തെ മഹായോഗത്തിൽ ദേശീയസമരമുന്നണിയുടെ ജില്ലാ ഓർഗനൈസർ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായർ അവർകൾ ആദ്ധ്യക്ഷ്യം വഹിച്ചു. സീനിയർ ഡിസ്ട്രിക്ട് ലക്ചറർ എം. വി. ആലിക്കോയ സാഹിബ്, ശ്രീ വി. രാഘവ പണിക്കർ (പാലക്കാട്ടു) അഫ്സലുൽ ഉലമാ മൌലവി എൻ. പി. മുഹമ്മദാലി സാഹിബ്, ശ്രീ സി. സൂര്യൻ എഴുത്തച്ഛൻ (കോഴിക്കോട്ടു ക്രിസ്ത്യൻ കോളേജ് മലയാളം പണ്ഡിററ്) എന്നീ മാന്യന്മാർ അന്നു വിവിധവിഷയങ്ങളെ പുരസ്കരിച്ചു ഉത്തേജകവും വിജ്ഞാനപ്രദവുമായ പ്രസംഗങ്ങൾ ചെയ്തു. അന്നും സിനിമാ പ്രദർശനം ഉണ്ടായിരുന്നു.

ആരാലും നിയന്ത്രിക്കാൻ അസാദ്ധ്യമായ വിധം അത്ര വമ്പിച്ചതായിരുന്നു സമ്മേളനങ്ങളിലെ ജനസമൂഹമെങ്കിലും, പ്രശംസനീയമായ സമാധാനത്തോടും, ശ്രദ്ധയോടും കൂടിയാണ് ജനങ്ങൾ വർത്തിച്ചുവന്നതെന്നവസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

ഒടുവിലത്തെ രണ്ടു ദിവസവും യോഗാനന്തരം ശ്രീ കുട്ടമത്തു ജൂനിയർ കുറുപ്പിന്റെ വകയായി നടത്തപ്പെട്ട "ഹിററ്ലർ വധം" കഥകളി വായന, യോഗത്തിന്നു ആകർഷണീയതയും മോടിയുംകൂട്ടിയിരുന്നു.

ആകപ്പാടെ വളരെ ഫലപ്രദവും എത്രയും പ്രയോജനകരവുമായ പ്രചരണവേലയാണ് ഈ ക്യാമ്പുകൊണ്ടു സാധിച്ചിട്ടുള്ളതെന്നു പറയാം.



തിരുവിതാംകൂർ മഹാറാണി തിരുമനസ്സു കൊണ്ട് സാർജൻറു എഫ് ജാൺസ്റ്റനും, എഫ്‌ലിയൊനാഡ്സുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു.

# ജാപ്പാന്റെ നേർക്കു കൂടുതൽ കപ്പലുകൾ

നാവിക് സമരത്തിലുള്ള ശ്രദ്ധ ഒരു രംഗത്തിൽനിന്നു് മററൊന്നിലേക്കു മാറുന്നു. എന്നാൽ ഊക്കു് കൂടുന്തോറും, ലോകത്തിലേക്കു വെച്ചു ഏററവും ഭയങ്കരവും ചരിത്രപ്രസിദ്ധവുമായ നാവിക യുദ്ധങ്ങൾ ചെയ്തുവരുന്ന രംഗങ്ങളെപ്പററി ശരിയായ ഒരു ചിത്രം ഒരാൾക്കു ലഭിക്കുന്നതാണു്—1,250 ലക്ഷം ചതുരശ്ര മൈൽ വിസ്താരമുള്ള സ്ഥലം. ഇന്നത്തെ അതിന്റെ സ്ഥിതിയെ ഒന്നവലോകനം ചെയ്യാം.

## ഇന്ത്യൻ മഹാസമുദ്രം

(28,350,000 ചതുരശ്രമൈൽ) മലാക്കാ കടലിടുക്കിനും അതിനു ചുററുമുള്ള സ്ഥലങ്ങളിലും ബ്രിട്ടീഷ് മുങ്ങിക്കപ്പലുകൾ (സബ്മറൈൻ) ജാപ്പാൻകാരോടെതിർത്തുവരുന്നു. എന്നാൽ വളരെ മാസങ്ങളായിട്ടു ഈ മുങ്ങിക്കപ്പലുകളിൽ മാത്രമായിരുന്നില്ല ബ്രിട്ടീഷുകാരുടെ ഇന്ത്യൻ മഹാസമുദ്രത്തിലെ വർദ്ധമാനമായ നാവികശക്തി അധിഷ്ഠിതമായിരുന്നതെന്നു ജാപ്പാൻകാർക്കു നല്ലപോലെയറിയാം. ഏഷ്യയുടെ തെക്കു കിഴക്കൻ രംഗങ്ങളിൽ, ജാപ്പാൻകാർ കൈവശപ്പെടുത്തിയിരിക്കുന്ന രാജ്യങ്ങളിൽ പ്രവേശിക്കേണ്ടിവരുന്നേക്കാവുന്ന നാവികസൈന്യത്തെ സഹായിക്കാനായി ഒരു ബലമേറിയ നാവിക സേന ആവശ്യമാണു്. "അമേരിക്കക്കാരോടു യുദ്ധം നിരാകരിച്ചു, പടിഞ്ഞാട്ടു തിരിയുകയാണെങ്കിൽ ആ ജപ്പാൻകാരുടെ കടൽ സൈന്യത്തിന്റെ മുഖ്യ ഭാഗത്തോടെതിർക്കുന്നതിനായിട്ടു" സൈന്യാധിപതി സോമർവില്ലിന്റെ നേതൃത്വത്തിൽ ഒരു ഗംഭീര നാവികപ്പടയെ ഒരുക്കിയിട്ടുണ്ടെന്നുള്ള മി. ചർച്ചിലിന്റെ പ്രക്ഷേപണി പ്രസംഗത്തിൽ പൌരസ്ത്യ രംഗങ്ങളിലെ ബ്രിട്ടീഷു നാവികശക്തിയുടെ അഭിവൃദ്ധിക്കുള്ള തെളിവുകാണുന്നുണ്ടു്.

## ബർലിന്റെ അവകാശം

ഇതേ സമയം തന്നെ, പ്രധാന ജാപ്പു സൈന്യം പടിഞ്ഞാറോട്ടു തിരിഞ്ഞാലും ഇല്ലെങ്കിലും ഇന്ത്യൻ മഹാസമുദ്രത്തിലെ ബ്രിട്ടീഷു സൈന്യങ്ങൾ ജാപ്പാൻകാരുടെ മുങ്ങിക്കപ്പൽ നാശങ്ങളെ എതിർക്കുവാൻ എപ്പോഴും സന്നദ്ധമായിരിക്കണം. ഇന്ത്യൻ മഹാസമുദ്രത്തിൽ ജർമ്മൻ മുങ്ങിക്കപ്പലുകളും പ്രവർത്തനം നടത്തുന്നു എന്നു ബർളിൻ പ്രഖ്യാപിക്കുന്നു.

## ശാന്തസമുദ്രം

(63,986,000 ചതുരശ്രമൈൽ) വിമാനവാഹികൾ, ക്രൂയിസറുകൾ, വിനാശികൾ, ടാങ്കുവാഹികൾ തുടങ്ങിയവയെസംബന്ധിച്ചു, ജാപ്പാനുള്ള കലശലായ ദാരിദ്ര്യത്തെയാണു്, ശീഘ്രതരമായ 'വിജയമുണ്ടാവുമെന്നുള്ള മി. ചർച്ചിലിന്റെ, ഈ ഒരു കൊല്ലത്തിനിടക്കുണ്ടായ ആശമിക്കുവാനും ആശ്രയിച്ചിരിക്കുന്നതു്. ജാപ്പാൻകാർക്കു തങ്ങളുടെ ശാന്തസമുദ്ര പരിരക്ഷണം ഇനിമേലസാദ്ധ്യമെന്നു ഇക്കഴിഞ്ഞ ഏതാനും മാസങ്ങളായി ആസ്ട്രേലിയയിലെയും അമേരിക്കയിലെയും സൈന്യങ്ങൾ തെളിയിച്ചുകൊണ്ടിരുന്നു. ജാപ്പാന്റെ കടൽശക്തി ക്ഷയിക്കുന്നതിനനുസരിച്ചു സഖ്യശക്തികളുടെ നാവിക, വൈമാനിക, ശക്തികളെല്ലാം വദ്ധിച്ചുകൊണ്ടുമിരിക്കുന്നു. മെച്ചമായ സൈന്യങ്ങളെ തക്കതായ വൈമാനിക അകമ്പടിയോടുകൂടി കടലിൽ കൂടികൊണ്ടുപോകുവാൻ ഇനിമേൽ ജാപ്പാനു സാദ്ധ്യമല്ല; സഖ്യശക്തികൾക്കു ഇതു സാദ്ധ്യമാണു്.


## മദ്ധ്യധരണ്യാഴി

(1,145,000 ചതുരശ്രമൈൽ) മദ്ധ്യപൂർവ്വദേശത്തേക്കും, വിദൂര പൂർവ്വദേശത്തേക്കും സൈനികാകമ്പടികളെ നേരെ മദ്ധ്യധരണ്യാഴി വഴിക്കയക്കാൻ കഴിഞ്ഞതിന്റെ ഗുണം സഖ്യ ശക്തികൾക്കു ഇന്നു ബോദ്ധ്യമാകുന്നുണ്ടു്. ഇതു സാധിച്ചതുകൊണ്ടു് അനവധി ദിവസത്തെ യാത്ര ലാഭിക്കുകയും, അങ്ങിനെ അനവധി കച്ചവടക്കപ്പലുകൾ കൊണ്ടുവരുവാൻ സാധിക്കുകയും ചെയ്യുന്നു.

ഇ-ബോട്ടുകൾ എന്ന പേരിൽ അതിവേഗം പോകുന്ന ഒരുതരം ജർമ്മൻ യുദ്ധക്കപ്പലുകൾ മദ്ധ്യധരണ്യാഴിയിൽ ഇപ്പോഴുമുണ്ടു്. കൂടാതെ ഏതാനും ജർമ്മൻ യൂ-ബോട്ടുകളും അവിടെയുണ്ടു്. ഫ്രാൻസിന്റെ തെക്കുഭാഗത്തും, ഇററലിയുടെ വടക്കുഭാഗത്തും, ഗ്രീസിലും, ക്രീററിലും, മററുമുള്ള ജർമ്മൻ വിമാനത്താവളങ്ങൾ മദ്ധ്യധരണ്യാഴിയുടെ നാലു ഭാഗങ്ങളിലുമാണു സ്ഥിതിചെയ്യുന്നതു്. ഈ വിമാനത്താവളങ്ങളിൽനിന്നു് ജർമ്മനിക്കു സഖ്യ സൈന്യങ്ങളുടെ അകമ്പടി കപ്പലുകളെ അസ്തമയാനന്തരം എതിർക്കുവാൻ സാധിക്കും. ഇക്കഴിഞ്ഞ വിപുല ശത്രു പ്രവർത്തനങ്ങളിൽ മദ്ധ്യധരണ്യാഴിയിൽ വെച്ചു് ബ്രിട്ടീഷു കപ്പലുകൾ നശിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം ലണ്ടൻ ഒളിച്ചുവെക്കുന്നില്ല. കപ്പലുകൾക്കു കേടുകൾ പററുകയും ചെയ്തിട്ടുണ്ടു്. സഖ്യശക്തികൾക്കു താൽക്കാലികമായെങ്കിലും കപ്പലുകളുടെ കേടുപോക്കത്തക്ക സ്ഥലങ്ങൾ വളരെ വിദൂരമല്ലാതുണ്ടെന്നുള്ളതു ഭാഗ്യംതന്നെ. ഇത്ര വളരെ സഖ്യ കപ്പൽ ശക്തികളുള്ളതു്, കപ്പലപകടത്തിൽ മരിക്കാത്തവരെ രക്ഷപ്പെടുത്തുന്നതിനുള്ള സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നുണ്ടു്.

## അത്ലാന്തിക്ക് സമുദ്രം

(31,53000,0 ചതുരശ്ര മൈൽ) ബ്രിട്ടീഷു നാവികസേനയും, മുങ്ങിക്കപ്പൽ വിനാശിനികളും വിമാനസേനയും ആഴ്ചതോറും യൂ-ബോട്ടുകളെ മുക്കിക്കൊണ്ടിരിക്കുന്നു. യുബോട്ടു നായകന്മാർ സുരക്ഷിതമായ അകമ്പടിക്കപ്പലുകളെ എതിർക്കുന്ന വിഷയത്തിൽ ഇനിയും വളരെ ശ്രദ്ധ പതിപ്പിച്ചുവരുന്നു. ബർളിനിൽനിന്നു ഭയപ്പെടുത്തലുകളെല്ലാമുണ്ടെങ്കിലും, അത്ലാന്തിക്ക് സമുദ്രത്തിലെ യുദ്ധഗതിയെ ഭേദപ്പെടുത്തത്തക്ക മുങ്ങിക്കപ്പലുകൾ കണ്ടുപിടിച്ചിട്ടുള്ളതായ യാതൊരു ലക്ഷണവും ജർമ്മൻ ശാസ്ത്രജ്ഞന്മാർ ഇതുവരെ കാണിക്കുന്നില്ല




രോഗികൾക്കും മുറിവേററവർക്കും യുദ്ധത്തടവുകാർക്കുമായുള്ള റെഡ്ക്രോസ് പ്രദർശനശാല

# റഷ്യക്കാൎക്ക് ബ്രിട്ടനെപ്പററിയുള്ള മതിപ്പ്

"റഷ്യക്കാൎക്കു ബ്രിട്ടന്റെ സാങ്കേതികാധിപത്യത്തെക്കുറിച്ചുള്ള മതിപ്പാണ് യുദ്ധാനന്തരം ഈ രണ്ടു രാജ്യക്കാരേയും തമ്മിൽ ഇണക്കിക്കൊണ്ടുപോകുന്ന സംഗതികളിലൊന്ന്" എന്ന "ഡെയിലി എക്സ്പ്രസ്" എന്ന പത്രത്തിന്റെ മോസ്കോ ലേഖകൻ അലാറിക് ജേക്കബ്ബ് പറയുന്നു.

റഷ്യക്കാൎക്കു ബ്രിട്ടീഷുകാരിൽനിന്നു പലതും പഠിക്കാനുണ്ടെന്നു സമ്മതിക്കുന്നതോടുകൂടി, ബ്രിട്ടനിലെ വേലക്കാരുടെ പ്രത്യേക സാമൎത്ഥ്യത്തെയാണ് അവർ ഏററവും അഭിനന്ദിക്കുന്നതെന്നു അയാൾ പറയുന്നു. ബ്രിട്ടീഷ് വേലക്കാരുടെ വ്യക്തിപരമായ ജോലിയുടെ മൊത്തഫലം ലോകത്തിലേക്കു വെച്ചു ഒന്നാമത്തേതാണെന്നുള്ളതു അവർ അഭിനന്ദിക്കുകയും, റഷ്യയിലെ 1,900 ലക്ഷം ജനങ്ങളിൽ താരതമ്യേന യോജിച്ചേടത്തോളം വ്യവസായവിഷയകമായ വിജ്ഞാനമുള്ള സാങ്കേതിക ശാസ്ത്രജ്ഞന്മാരുണ്ടായിരുന്നെങ്കിൽ റഷ്യയിൽ യുദ്ധാനന്തരമുണ്ടാവുമെന്നു സ്റ്റാലിൻ ഭയപ്പെടുന്നതായ വിഷമങ്ങൾ മിക്കവയും നാമാവശേഷമായിത്തീരുന്നതാണ്.

ലഘുവ്യവസായങ്ങളിൽ വിദ്യുച്ഛക്തി പ്രയോഗം, അതിശയനീയമായ വിമാനോല്പാദനം, ദൂരദൎശന വിദ്യ-ടെലിവിഷൻ (Television)—റേഡിയോ തുടങ്ങിയവയിൽ അവർ നേടിയിട്ടുള്ള നായകത്വം, റെയിൽവേകളിലുള്ള വിദ്യുച്ഛക്തീകരണം, കപ്പൽവ്യവസായം, ഗൃഹനിൎമ്മാണം, മുനിസിപ്പൽ കെട്ടിടങ്ങളിൽ കാണുന്ന ചിത്രവേലകളിലുള്ള പുരോഗതി നാവിക സേനയുടെ സാമൎത്ഥ്യം എന്നിവയിലാണ് പ്രധാനമായി ബ്രിട്ടീഷുകാരെ ജയിക്കണമെന്നു റഷ്യ ആഗ്രഹിക്കുന്നതു എന്നു അലാറിക് ജേക്കബ്ബ് തുടൎന്നു പറയുന്നു.

## ബ്രിട്ടീഷുകാരുടെ സംസ്കാരത്തിൽ ഗാഢമായ താല്പൎയ്യം

സാങ്കേതികമായ സംഗതികളെ ഒഴിച്ചാൽ റഷ്യക്കാർ ബ്രിട്ടീഷുകാരുടെ സംസ്കാരത്തിലാണ് ഗാഢമായ താല്പൎയ്യം പ്രദൎശിപ്പിക്കുന്നത്. "അവൎക്കു ഞങ്ങളുടെ സാഹിത്യം, നാടകവേദി, വിനോദങ്ങൾ, ജീവിതരീതി എന്നിവയെക്കുറിച്ചു കൂടുതൽ പഠിക്കണം. ബ്രിട്ടീഷുകാരുടെ വിക്കൺ രീതികൾ തങ്ങളിൽ ലയിപ്പിച്ചു ചേൎക്കുവാൻ അവർ അതിയായി ഔത്സുക്യം കാണിക്കുന്നു, എന്തുകൊണ്ടെന്നാൽ, ബ്രിട്ടന്റെ യുദ്ധകാൎയ്യ പരിശ്രമങ്ങൾമൂലം, പാശ്ചാത്യരിൽനിന്ന് വളരെ പഠിക്കേണ്ടതായുണ്ടെന്നു അവർ മനസ്സിലാക്കി" എന്നു അലാറിക് ജേക്കബ്ബ് ഉപസംഹരിക്കുന്നു.

യുദ്ധസംബന്ധമായ ഗവേഷണങ്ങൾമൂലം യുദ്ധാനന്തരകാലത്തേക്കു വലുതായ ഉപകാരമുണ്ടാകുന്ന ബ്രിട്ടീഷുകാരുടെ വ്യവസായങ്ങളിൽ വെച്ചു പ്രാധാന്യമേറിയതു് റേഡിയോ വ്യവസായമാണെന്നു ലണ്ടൻ വ്യവസായ കേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു.

ഈ ഒരു തുറയിൽ, മററെല്ലാററിലും കൂടുതലായി, ബ്രിട്ടീഷ് ശാസ്ത്രജ്ഞന്മാർ സഖ്യശക്തികളുടെ അപരിമേയ ഗുണങ്ങൾക്കു സഹായകമായ വിധം ഗംഭീരമായി പുരോഗമിച്ചിട്ടുണ്ടെന്നും, യുദ്ധാനന്തരം ലോകമെങ്ങുമുള്ള ഓരോ സാധാരണ ഗൃഹങ്ങളിലേക്കും ഉപയോഗപ്രദമാകത്തക്കവണ്ണം ഇതിന്റെ ഫലം കാണാൻ കഴിയുമെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. ഇവിടെയാണ് തേൎമിയോണിക് വാൽവ് പ്രത്യേക ശ്രദ്ധയെ അൎഹിക്കുന്നത്. ഈ ഒരു വാൽവിൽ യുദ്ധാനന്തരം കേന്ദ്രീഭൂതമായിരിക്കുന്ന വിവിധ വ്യവസായങ്ങൾ ഒരു വിദഗ്ദ്ധനുമാത്രമേ കാണുവാൻ കഴിയുകയുള്ളൂ. അവയിൽ പ്രഥമവും പ്രധാനപ്പെട്ടതുമായ പ്രായോഗിക പുരോഗതി പാചകവിഷയത്തിലാണ്. റേഡിയോവിൽ ഒരു ട്രാൻസ്മിററർ വാൽവിന്ന് ശബ്ദവിഷയകമായിട്ടുള്ള സ്ഥാനമാണ് ഇവിടെ പ്രസ്തുത വാൽവിനു ഉഷ്ണീകരണത്തിലുള്ളതു്. അതിന്റെ ഉപയോഗ്യതക്കു രണ്ടുദാഹരണങ്ങൾ പറയാം: ഒന്നാമതു, ഒരു ഭക്ഷണം മുഴുവനും മൂന്നു മിനിട്ടുകൊണ്ടു പാചകം ചെയ്യുവാൻ സാധിക്കുന്നു; രണ്ടാമതായി, എത്രയോ തുച്ഛമായ ചെലവിൽ ഒരു ഗൃഹത്തിലേക്കു വേണ്ട ചൂടുണ്ടാക്കാം.

മുൻപു ഒരിക്കലും ഉണ്ടായിട്ടില്ലാത്തവണ്ണം വേഗത്തിലും, ചുരുങ്ങിയ ചെലവിലും ഗൃഹോപകരണങ്ങൾ ഉണ്ടാക്കുന്നതിലും ഈ തത്വങ്ങൾ പ്രയോഗിക്കാമെന്നു ലണ്ടനിലെ വ്യവസായകേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു. പ്രസ്തുത തേൎമിയോണിക് വാൽവുകൾ നാലടി നീളവും, എട്ടടി വ്യാസവും ഉള്ളവ മുതൽ ഒരിഞ്ചു നീളവും മുക്കാൽ ഇഞ്ച് വ്യാസവും ഉള്ളതുവരെയുണ്ട്. ഇവയുടെ ശക്തി അസാമാന്യമാണ്. മൂന്നു മിനുട്ടുകൊണ്ട് ആഹാരം പാകം ചെയ്യാവുന്ന പാചകയന്ത്രത്തിന്നുള്ള വാൽവ് ഏകദേശം ഒൻപതിഞ്ചു നീളമുള്ളതായിരിക്കും എന്നു അവർ തീരുമാനിക്കുന്നു.

# ചൈനക്കു ബ്രിട്ടനെപ്പററിയുള്ള ബഹുമാനം

നേഷനൽ ഹെറാൾഡ് (ചൈന വിദേശകാൎയ്യാലയത്തിന്റെ പൌരനാദം) ചൈനീസ് ഗുഡ്‌വിൽ മിഷന്റെ ബ്രിട്ടനിൽനിന്നുള്ള മടക്കത്തെപ്പററി പ്രസ്താവിക്കുന്ന വേളയിൽ, ഒരു കൊല്ലത്തിന്നുമുമ്പുണ്ടായ ബ്രിട്ടീഷ് പാൎല്ലിമെണ്ടറിമിഷന്റെ സന്ദൎശനത്തെ അനുസ്മരിച്ചുകൊണ്ടു "ഈ സന്ദൎശനം ഫലപ്രദമായിക്കഴിഞ്ഞിരിക്കുന്നു. അവരുടെ മടക്കത്തിന്നുശേഷം നമ്മുടെ ആവശ്യങ്ങളേയും, യുദ്ധത്തിൽ വിജയംവരെക്കുള്ള അവരുടെ ദൃഢമായ സഹായത്തേയും പററി അവരുടെ ആളുകളോടു പറഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി ബ്രിട്ടീഷുകാൎക്കു നമ്മോടു മുൻപുണ്ടാകാത്തവണ്ണം, വലുതായ അനുകമ്പയും നമ്മുടെ ദുരിതങ്ങളെപ്പററി സൂക്ഷ്മമായ അറിവും ഉണ്ട്" എന്നു പറയുന്നു.

ബ്രിട്ടനിൽ കണ്ടതെല്ലാം പുനൎഗ്ഗണിച്ചുകൊണ്ടു ചൈനീസ് മിഷൻ പറയുന്നു: "അവൎക്കു നമ്മെപ്പററിയുള്ള ധാരണയുടെ ഫലമായി, അവരെപ്പററിയും, അവർ അനുഭവിച്ച കഷ്ടതകളെപ്പററിയും, അവർ കടന്നു കൂടീട്ടുള്ള വിഷമങ്ങളെപ്പററിയും, തങ്ങളുടെ ക്ഷേമത്തിന്നു മാത്രമായല്ല, ലോകത്തിന്നാകെക്കൊണ്ടു, അവർ അനുഷ്ഠിച്ചിരിക്കുന്ന ത്യാഗത്തെപ്പററിയും നമുക്കും ബോധമുണ്ടാവും."

ബ്രിട്ടീഷുകാൎക്കും ചൈനക്കാൎക്കും പൊതുവായി പലതുമുണ്ടെന്നും, ഭാവിയിൽ അവർ ഒത്തൊരുമിച്ചു പ്രവൎത്തിക്കുന്നതിനെ ആശ്രയിച്ചു പല ഗുണങ്ങളുമുണ്ടാകുമെന്നും ഉള്ള മി. ഈഡന്റെ അഭിപ്രായം ഉദ്ധരിച്ചുകൊണ്ട്, ഈ അഭിപ്രായത്തോടു ചൈനക്കാരും അവരുടെ ഗവൎമ്മെണ്ടും പരിപൂൎണ്ണമായി യോജിക്കുന്നു എന്നു ആ പത്രം പ്രഖ്യാപിക്കുന്നു. ഈ യുദ്ധം ജയിക്കേണ്ടതായിരിക്കുന്നു. സമാധാനം ഉണ്ടാകുമ്പോഴും ഐകമത്യത്തോടെയുള്ള പ്രവൎത്തനത്തിന്റെ മഹിമ അത്രതന്നെയുണ്ടായിരിക്കുന്നതാണ്. "യുദ്ധത്തിലും, സമാധാന കാലത്തും ഒരുപോലെ ഈ സഖ്യശക്തികളുമായി ഒരുമിച്ചു കഴിച്ചുകൂട്ടുന്നതിൽ ചൈനക്കാരായ ഞങ്ങൾ അഭിമാനം കൊള്ളുന്നു" എന്നു ഈ പത്രം ഉപസംഹരിക്കുന്നു.



സൎവ്വ സൈന്യാധിപൻ ബഹു: ജന: സർ ക്ലാഡി ആക്കിൻലക്കിനെ ആലിഗാർ സൎവ്വകലാശാലാ വൈസ് ചാൻസലർ വിമാനത്താവളത്തിൽവെച്ചു സ്വീകരിക്കുന്നു.



യുദ്ധസേവനമനുഷ്ഠിക്കുന്ന സ്ത്രീകൾ വിശ്രമവേളയിൽ ഹോക്കികളി പരിശീലിക്കുന്നു.

# ഒരു ഗൂഢ സങ്കേതം

## (സുഭദ്ര)

### അദ്ധ്യായം I

"കല്ലും മരങ്ങളും തല്ലിത്തകൎത്തു"കൊണ്ടു ഹനുമാന്റെ കദളീവനം കണ്ടുപിടിക്കുവാൻ ഭീമസേനൻ സാഹസപ്പെട്ടതു് വായനക്കാർ ഓൎക്കുന്നുണ്ടായിരിക്കാം. നോക്കുന്നേടത്തെല്ലാം വിമാനങ്ങൾ പറന്നു് പലരുടേയും രഹസ്യങ്ങൾ വെളിവാക്കുന്ന ഇക്കാലത്തുകൂടി, ചില കദളീവനങ്ങൾ, പരിഷ്കാരത്തിന്റെ അത്യുന്നത കോടിയിലെത്തിയിരിക്കുന്ന പട്ടണങ്ങളിൽനിന്നു അധികം ദൂരത്തല്ലാതെ സ്ഥിതിചെയ്യുന്നുണ്ടെന്നു പറയുന്നതു, ഒരുപക്ഷേ ആശ്ചൎയ്യകരമായി തോന്നിയേക്കാം. ലോകം മുഴുവൻ കിടുകിടെ വിറപ്പിക്കുന്ന ഹിററ്ലൎക്കു ബർലിനിൽനിന്നു് കാർമാൎഗ്ഗം കഷ്ടിച്ചു രണ്ടു മണിക്കൂറോളം യാത്രാദൂരത്തു് ഒരു സ്ഥലമുണ്ടു്. യുദ്ധത്തിനേപ്പററിയും, മററു പല ഗൌരവ കാൎയ്യങ്ങളെക്കുറിച്ചും, ഹിററ്ലർ തന്റെ പ്രധാന ഉദ്യോഗസ്ഥന്മാരുമായി ആലോചനകൾ നടത്തുന്നതു് ഇവിടെ വെച്ചാണു്. സ്ഥലം കാടാണെങ്കിലും, ജീവിത സൌകൎയ്യങ്ങളെല്ലാം അവിടെ സജ്ജീകരിച്ചിട്ടുണ്ടു്. വൈദ്യുതകേന്ദ്രങ്ങൾ, റേഡിയോ, ടെലിഫോൺ കമ്പിയാപ്പീസ്, എന്നിവയെല്ലാം അവയിലുൾപ്പെട്ടുമല്ലോ. യുദ്ധരംഗങ്ങളിലേക്കു ഇടവിടാതെ നിൎദ്ദേശങ്ങൾ അവിടെനിന്നു പൊയ്ക്കൊണ്ടിരിക്കുന്നു. സേനാധിപന്മാരുടെ റിപ്പോൎട്ടുകൾ എപ്പോഴും വന്നുകൊണ്ടിരിക്കുന്നു. ചാരസംഘത്തിന്റെ രഹസ്യക്കുറിപ്പുകൾ മററുള്ളവർ അറിയാതെ തന്നെ ഹിററ്ലൎക്കു കിട്ടുന്നു. ഇങ്ങിനെ ഒരു ഗൂഢസ്ഥലത്തിരുന്നു് പ്രപഞ്ചമാസകലം കീഴ്മേൽ മറിക്കാനുള്ള സകല വിദ്യകളും ജൎമ്മൻ സൎവ്വാധിപതി അവിടെ വെച്ചു ചെയ്യുന്നുണ്ടു്. ആഴ്ചയിൽ രണ്ടു തവണയെങ്കിലും അവിടെ വിശ്രമത്തിന്നായി അദ്ദേഹം വരാറുണ്ടു്. എന്നാൽ, മററുള്ളവരുടെ ബഹളം കുറയുമെന്നല്ലാതെ, ഇവിടെയും ഹിററ്ലൎക്കു ഒരു വിശ്രമവുമുണ്ടെന്നു പറഞ്ഞുകൂടാ. തന്റെ വിശ്വസ്ത സേവകന്മാരുമായുള്ള കൂടിക്കാഴ്ചകൾ, യുദ്ധരംഗത്തിലേക്കുള്ള നിൎദ്ദേശങ്ങൾ, ചാരവൃത്തിയിൽ പ്രാധാന്യം വഹിക്കുന്ന സ്ത്രീകളുമായുള്ള സമ്മേളനങ്ങൾ, ജ്യോത്സ്യന്മാരുമായുള്ള ആലോചനകൾ എന്നിവ ഒരു നാടകത്തിലെ രംഗങ്ങൾപോലെ ഈ വിശ്രമവേളയിലും അവിടെ നടക്കുന്നുണ്ടു്.

ഇങ്ങിനെയുള്ള ഒരു ദിവസം രാത്രി സമീപിച്ചു. ഹിററ്ലർ അസ്വസ്ഥനായി തന്റെ സ്വകാൎയ്യ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഏതോ ഗൌരവമായ ഒരു കാൎയ്യം അദ്ദേഹത്തെ അലട്ടുന്നതായും, അതിനെ സംബന്ധിച്ചു ഒരാളെ അദ്ദേഹം പ്രതീക്ഷിക്കുന്നതായും മുഖഭാവത്തിൽനിന്നു തെളിയുന്നു. രണ്ടുമൂന്നു പ്രാവശ്യം ടെലിഫോൺ എടുത്തു ആരെയോ വിളിച്ചുനോക്കി. മറുപടി ഒന്നും കിട്ടാത്തതിനാൽ ക്ഷുഭിതമനായി, എഴുന്നേററു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി. അങ്ങിനെയിരിക്കുമ്പോൾ, ഗൂഢസങ്കേതത്തിന്റെ അതിൎത്തിയിൽനിന്നു ഒരു ചാരൻ ഓടിയെത്തി. സമയഭേദം നോക്കാതെ സ്വസ്വാമിയെ സമീപിക്കാൻ അയാൾക്കനുവാദമുണ്ടായിരുന്നതിനാൽ അയാൾ നേരെ ഹിററ്ലരുടെ മുറിയിലേക്കു ചെന്നു അദ്ദേഹത്തിന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു. അടുത്ത നിമിഷത്തിൽ ഒരു കാറും അവിടെയെത്തി. ഏകദേശം മുപ്പതു വയസ്സു പ്രായമുള്ള ഒരു സ്ത്രീ അതിൽനിന്നു ഇറങ്ങി, നേരേ ഹിററ്ലരുടെ മുറിയിലേക്കു ചെന്നു. ഇവരാരാണെന്നു വായനക്കാരെ പിന്നീടറിയിക്കാം. അവൾ വന്ന കാൎയ്യവും അതിനെപ്പററി ഹിററ്ലർ നടത്തുന്ന അന്വേഷണവും എന്താണെന്നു നോക്കാം.

ഹിററ്ലർ: ഇന്നലെ എത്തുമെന്നായിരുന്നില്ലെ അറിയിച്ചതു്?

സ്ത്രീ: ഇന്നേക്കെങ്കിലും എത്താൻ സാധിച്ചുവല്ലോ എന്നാണു് എന്റെ സമാധാനം.

ഹിററ്ലർ: വല്ല പ്രതിബന്ധങ്ങളും നേരിട്ടുവോ? ആളെ അറിഞ്ഞു എതിർ കക്ഷികൾ വല്ല ചതി പ്രയോഗത്തിന്നും ആരംഭിച്ചുവോ?

സ്ത്രീ: അതൊരു വലിയ കഥയായി തീരുന്നുണ്ടു്. ചാരവൃത്തിയിൽ അഗ്രഗണ്യത്വം ജൎമ്മനിക്കാണെന്നും, അതിലെ പ്രധാന അംഗം സ്ത്രീകളാണെന്നുമാണല്ലോ നമ്മുടെ അഭിമാനം. എന്നാൽ മററുള്ളവർ സ്ത്രീകളെ ചാരവൃത്തിയിൽ പ്രവേശിപ്പിച്ചിട്ടില്ലെങ്കിലും, ആ സമരമുഖത്തിന്റെ പ്രാധാന്യം അറിഞ്ഞവർ തന്നെയാണു് എതിർകക്ഷികളും. ഞാൻ ചെന്ന പല ദിക്കുകളിലും ഒരു ചെറുപ്പക്കാരനായ ഇംഗ്ലീഷുകാരൻ കൂടി എന്നെ അനുഗമിക്കുന്നതായി എനിക്കു അറിവു കിട്ടി.

ഹിററ്ലർ: ആയാളുമായി കൂട്ടിമുട്ടിയൊ?

സ്ത്രീ: കൂട്ടിമുട്ടിയില്ലെന്നു പറഞ്ഞുകൂടാ. അപ്പോഴേക്കു നമ്മുടെ ജെസ്റ്റാപ്പോ പ്രമാണിയും യാദൃച്ഛികമായി വന്നുചേൎന്നു. അതല്ലെങ്കിൽ, ഇന്നും ഇവിടെ വരുവാൻ സാധിക്കുമായിരുന്നില്ല.

ഹിററ്ലർ: അപ്പോൾ ഇംഗ്ലീഷുകാരും ചാരവൃത്തി ജാഗ്രതയായി നടത്തുന്നുണ്ടു്.

സ്ത്രീ: നടത്തുന്നുണ്ടെന്നുമാത്രമല്ല ഈ പറഞ്ഞ ചെറുപ്പക്കാരൻ സാമാന്യനല്ലതാനും.

ഹിററ്ലർ: അപ്പോൾ അയാളുമായി നേരിട്ടു പരിചയത്തിന്നിട വന്നുവോ

സ്ത്രീ: പരിചയം സിദ്ധിച്ചതു മാത്രമല്ല; അപായം അയാൾ എനിക്കു ചൂണ്ടിക്കാണിച്ചുതരികയും ചെയ്തു. ബ്രസ്സൽസിൽ ആ വലിയ ഹോട്ടലിലായിരുന്നു ഞാൻ താമസിച്ചിരുന്നതു്. സുരക്ഷിതമായ എന്റെ മുറിയിൽ, ഞാനിങ്ങോട്ടു ഒരു ഗൂഢസന്ദേശം എഴുതിക്കൊണ്ടിരിക്കുമ്പോൾ, രാത്രി ഏകദേശം ഒരു മണിസമയത്തു ആയാൾ ചാടിവീണു. അതിൽ കടന്നുകൂടാൻ എങ്ങിനെയായാലും രണ്ടു മണിക്കൂറെങ്കിലും അയാൾ സാഹസപ്പെട്ടിരിക്കണം. മുറിയിൽ കടന്നു, റിവോൾവർ കാണിച്ചുകൊണ്ടാണു് അയാൾ എന്നോടു സംസാരിക്കാനാരംഭിച്ചതു "ബൽജിയം രാജാവു കീഴടങ്ങുമെന്നു വിശ്വസിക്കണ്ട. നിങ്ങളുടെ തന്ത്രങ്ങളുടെ പരമാൎത്ഥം എനിക്കു മനസ്സിലായിട്ടുണ്ടു്. നിങ്ങളുടെ സഹായികളായ രണ്ടു സ്ത്രീകൾ ഇനി നിങ്ങളെ കാണുന്നതല്ല." എന്നു തുടങ്ങിയ കുശലപ്രശ്നത്തോടുകൂടിയാണു് എന്നെ നേരിട്ടതു്. ഞാൻ തല്ക്കാലം ഒന്നു പരിഭ്രമിച്ചു. പക്ഷെ സ്ത്രീകൾക്കു ഒടുവിൽ പ്രയോഗിക്കാവുന്ന ഒരു വിദ്യയുണ്ടല്ലൊ. അതുകൊണ്ടെങ്കിലും രക്ഷപ്പെടാമെന്നു വിചാരിച്ചു, മന്ദഹാസത്തോടെ ഞാൻ അയാളെ ഒന്നു നോക്കി. "നിങ്ങൾ ആളെ അറിയാതെയാണു സംസാരിക്കുന്നതു്" എന്നു മറുപടിയും പറഞ്ഞു.

ഹിററ്ലർ: അത്രമാത്രമെ ഉണ്ടായുള്ളു?

സ്ത്രീ: "ഈ അടവുകളൊന്നും എന്നോടു വേണ്ട." എന്നൊരു പ്രത്യുത്തരം കൂടിയുണ്ടായി. അപ്പോഴേക്കു, ജസ്റ്റാപ്പോ നായകൻ വാതിൽ തുറന്നു മുറിയിലേക്കു വന്നു. അയാളെ കണ്ടപ്പോൾ ഇംഗ്ലീഷുകാരൻ ഒന്നു കുഴങ്ങി. രണ്ടുപേരും റിവോൾവർ അന്യോന്യം കാണിച്ചു നില്പായി. ദൈവഗത്യാ ആ സമയം എന്റെ മുറിയുടെ സമീപത്തായി ഒരു ബോംബു വീണു. ആയാൾ അങ്ങോട്ടുതിരിഞ്ഞു നോക്കലും ജസ്റ്റാപ്പൊ നായകൻ അയാളെ പിടിച്ചുകെട്ടലും ഒരുമിച്ചുകഴിഞ്ഞു. അതിന്നുശേഷമേ ഇങ്ങോട്ടു പോരാൻ തരമായിട്ടുള്ളു.

ഹിററ്ലർ: ബൽജിയം രാജാവിന്റെ സ്ഥിതി എങ്ങിനെ? ഇംഗ്ലീഷുകാരന്റെ കാൎയ്യം ഇനി അന്വേഷിക്കേണ്ടതില്ലല്ലൊ.

സ്ത്രീ: ബ്രസ്സൽസ്സിൽനിന്നുപോയി കടൽതീരത്തെ ബംഗ്ലാവിലാണു് ഇപ്പോൾ താമസിക്കുന്നതു്. മന്ത്രിസംഘത്തിൽ എതിരഭിപ്രായക്കാർ ഇപ്പോഴും ഉണ്ടു. രണ്ടു ദിവസംകൂടി തകൃതിയായി ബോംബിട്ടാൽ നമ്മുടെ സഹോദരി സമാധാന ഉടമ്പടി ഒപ്പിടുവിക്കാമെന്നു ഏററിട്ടുണ്ടു. ഇംഗ്ലീഷുകാരിൽ ചിലർ ഇപ്പോഴും അവിടെയുണ്ടു്. ബോംബിടാനുള്ള നിൎദ്ദേശങ്ങൾ വിമാനസേനക്കു് ഉടനെ അയക്കണം. അതോടുകൂടി ഞാൻ ഒരു തവണകൂടി പോയാൽ ബൽജിയം കീഴടങ്ങിയതായി കരുതാം.

ഹിററ്ലർ: എന്റെ പ്രിയസഖി ഏററ കാൎയ്യമൊന്നും അപജയത്തിലാവുകയില്ലെന്നു് എനിക്കു ദൃഢവിശ്വാസമുണ്ടു്. യുദ്ധം കഴിഞ്ഞാൽ ഹിററ്ലരുടെ പ്രധാനമന്ത്രി ആരായിരിക്കുമെന്നറിയാമൊ (എന്നു പറഞ്ഞു ഹിററ്ലർ അവളെ ഒന്നു നോക്കി.)

സ്ത്രീ: ഇത്ര ആപൽക്കരമായ പ്രവൃത്തിയിൽ സ്ത്രീകളെ നിയമിക്കാനുള്ള ഹൃദയശൂന്യത അങ്ങേക്കുണ്ടല്ലൊ എന്നു എനിക്കു പലപ്പോഴും തോന്നാറുണ്ടു്.

ഹിററ്ലർ: സ്ത്രീകളെയുള്ള ബഹുമാനം കൊണ്ടും, അവരുടെ പ്രാപ്തിയിലുള്ള വിശ്വാസം കൊണ്ടും ആണു് അങ്ങിനെ ചെയ്യുന്നതെന്നു പ്രിയസഖിക്കറിഞ്ഞുകൂടെ? യാത്രാക്ഷീണമുണ്ടായിരിക്കുമല്ലൊ. അല്പം വിശ്രമിക്കൂ.

# ധീരരമണി

## (ഭാഷാസംഗീത നാടകം—ഏകാങ്കരൂപകം)

(ശ്രീമാൻ കുറവങ്ങാട്ട കെ. ജി. പണിക്കർ, വൈത്തിരി.)

(പകർപ്പവകാശം ഗ്രന്ഥകർത്താവിനുമാത്രം)

(തുടർച്ച)

സുബ്ബ: അതെ, അതാണ് ഞാൻ പറഞ്ഞതു്. അങ്ങേക്കു അതു നല്ലവണ്ണം മനസ്സിലായല്ലോ? ഭേഷ്.

ജസ്വ: എന്നാൽ അങ്ങ് കേൾക്കുന്നുവോ, എന്റെ പരമാർത്ഥം. ഞാൻ ഈ ഭാഗധേയലാഭത്തെ കുറിച്ചു ചിന്തിക്കാത്തതു് എന്റെ ജീവിതത്തിൽ ഒട്ടു മുക്കാലും ഇണ്ടോർ മഹാരാജാക്കന്മാരെ ഉപജീവിച്ചു കഴിഞ്ഞിരിക്കുകയല്ലേ എന്നുമാത്രം കരുതിയിട്ടാണ്.

സുബ്ബ: ഹെ! ഇതെന്താണ് അങ്ങ് ഇങ്ങിനെ പറയുന്നതു്. സത്യം എനിക്കു തികച്ചും അറിയാം. പക്ഷെ ലോകം മിക്കപ്പോഴും അവാസ്തവഗ്രഹണ സ്ഥിതമായിരിക്കും! ഭഗവാൻ കൃഷ്ണപരമാത്മാവിലും കൂടി അപവാദശരം പ്രയോഗിച്ച് അപഹരണ കുററം ചുമത്തുവാൻ അതു മടിച്ചിട്ടില്ല.

ആനന്ദഭൈരവി—ആദി.

(പല്ലവി)

ആശാത്രക്ഷിതമൂലകം—ഏതാനും
ഓർത്തും, സ്വഗതം മതം അപവാദം (ആ)

(അനുപല്ലവി)

ശ്രീമാന്യം—പാരംഗണ്യം
നേരതിലില്ലെന്നാരറിയും (ആ)

ജസ്വ: യഥാർത്ഥം, ഇതിൽനിന്നു മുക്തനാവാൻ ഒരേ ഒരു ഉപായമേ ഉള്ളുവെന്നു തോന്നുന്നു. അതായതു്, ഇണ്ടോറിനെ ഞാൻ തന്നെ കരസ്ഥമാക്കുക!

ചരണം.

ധർമ്മലോപമേലും
കർമ്മമേവം, ഓർത്തും
എന്മട്ടുംമേ ചെയ്യാവതോ?

സുബ്ബ: ധർമ്മിലോകനാഥൻ
സന്തുഷ്ടനായ്
കർമ്മൻ ഭവാന്നിതേകുവതാം.

ഇങ്ങിനെ കരുതുന്നതിൽ എന്താണ്.

ജസ്വ: വാസ്തവം. ഇങ്ങിനേയും കരുതാം.

സുബ്ബ: തീർച്ചയായും. അങ്ങ് വിചാരിച്ചു നോക്കു. ഈ സാമ്രാജ്യലക്ഷ്മി അങ്ങയിൽ സ്വയം വശഗയാവാനല്ലായിരുന്നുവെങ്കിൽ ഇത്രയും പെട്ടെന്നു ഇണ്ടോറിലെ പുരുഷ ശക്തി നശിച്ചുപോകേണ്ടിയിരുന്നില്ല. തൻനിമിത്തം ഇതെല്ലാം ദൈവഗതി തന്നെയാണ് എന്നു വിശ്വസിക്കാം.

ജസ്വ: ശരി. ഇതെല്ലാം ഞാൻ സമ്മതിക്കുന്നു. പക്ഷെ, ഇപ്പോഴും ഇണ്ടോറിനെ ആക്രമിക്കുന്ന കഥ വിചാരിക്കുമ്പോൾ എന്റെ മനസ്സാക്ഷി പ്രതിഷേധ ഭാവത്തിൽ തുടിച്ചു കളയുന്നു.

സുബ്ബ: ഹ! അങ്ങയിൽ ഇത്രയും വൈകൃതമോ! ആഹവചിന്തയിൽ ആഹ്ലാദംകൊണ്ടു് ഓളം തള്ളേണ്ടുന്ന മഹാരാഷ്ട്ര ഹൃദയം ഭീരുത്വം കൊണ്ടു പരവശപ്പെടുകയോ!

ജസ്വ: അല്ല. അങ്ങ് എന്റെ മനോവികാരത്തെ ഇങ്ങിനെ അന്യഥാ ധരിക്കരുത്. അധർമ്മ ഭീരുവാണ് ഒരു ഭാരതീയൻ. സത്യവ്രതനാണ് ഒരു മഹാരാഷ്ട്രൻ. എന്റെ ഹൃദയം ഈ നിലയിൽ തെല്ലൊന്നു വ്യാകുലപ്പെടുന്നുവെന്നേയുള്ളു.

ശങ്കരാഭരണം—ആദി.

(പല്ലവി)

ഉത്സവം പരം-
സംഗ്രാമ മെന്നും (2)

(അനുപല്ലവി)

കൃത്യമേകം മഹാ-
രാഷ്ട്ര നിഷ്ഠമാം
ശോകഭാവലേശം
ഏശാതെ നൂനം (ഉത്സവം)

(ചരണം)

വേദബോധ നീതം
പൂതപ്രമോദം
ഓതുമേവംഗീതാ-
രാധിതം മതം
ഭാരതീയാഭിമാന-
സാര കാരണം,
ഗോപാലവാണീ-
ലയ വിനുതം. (ഉത്സവം)

സുബ്ബ: അങ്ങയുടെ ഹൃദയം അർക്കോദയത്തിലെ നളിനം പോലെ വികസിച്ചുകഴിഞ്ഞു. അതിന്റെ മനോഹാരിത ലോകസമക്ഷം പ്രകാശിക്കുകയും ചെയ്യും. അതിലടങ്ങിയിരിക്കുന്ന അഭിമാനസുഗന്ധം യുവജനതയുടെ സിരകളിലെ ചെന്നിണപ്രവാഹത്തെ വേഗതയുള്ളതാക്കിതീർക്കും. ഹാ! ഭാവിഭാരതമേ, അനേകം ജസ്വന്ത റാവുമാർ അങ്ങയുടെ സാന്നിദ്ധ്യത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നു ഓർമ്മിക്കുക. മന്ത്രിവര്യാ! അതുല്യവിക്രമാ! അസാമാന്യധീയായ അങ്ങു അധർമ്മഭീതിയിൽ പെട്ട് അങ്കം ചെയ്യുവാൻ മടിക്കേണ്ടതില്ല. അങ്ങു വിചാരിച്ചു നോക്കുക.

കമാശ്—ആദി.

(പല്ലവി)

ജീവിതം ആഹവമേ! .... ഘോരം-

(അനുപല്ലവി)

നാമിതിൽ താൻ നിയതം. (ഈ ജീവിതം)

(ചരണം)

(1) ഭൂമുഖം രണരംഗം,
ഹാസ്യഖം ഇതിലെങ്ങാം,
അറിയവതിലം ആരോ-
മഹിയിലവർ വിളങ്ങാ;
ലോകഗതി പോൽ ഏതും
ചെയ്യുവതേ പോരും
നീതിയും നിയമവുമിതിനുചിതം ആകും
(ജീവിതം)

(2) നിത്യം നമുക്കിയലും അനുഭവം അറിയുകി-
ലത്രയും മായം, സകലമുപായം.
സത്യമിതിൽ തരിമ്പും തങ്ങുവതില്ല, നാം-
മിത്ഥ്യാവിക്ഷാമമേല്ക്കേണ്ടി തുവിധം
[വിധിമതം (ജീവിതം)

(3) ജനഹിതം നിനച്ചുതൻ
പ്രാണപ്രിയയെ കാട്ടിൽ
തനിയെ പരിത്യജിച്ചാൻ രാമഭദ്രൻ,
താനോ, തനതഭിമതം പോററാൻ ഈ
[മഹാ ഭോഗം-
അനഘ ഗോപാലനൃതം തള്ളുകയും ഉത്തം
(ജീവിതം)

നാനാവിധ ലോക വ്യവഹാരങ്ങളാൽ വൈവിധ്യം ബാധിച്ച്, തികച്ചും ഉഗ്രമായി തീർന്നിരിക്കുന്ന ജീവിത മഹാരണത്തിൽ, ഇതു് ക്ഷണഭംഗുരവും ക്ഷിപ്രസാദ്ധ്യവുമായ ഒരു പരിശീലനം മാത്രമാണ്. ഈ ലോകരംഗത്തിൽ നാം സർവ്വ ശക്തന്റെ ആജ്ഞകളേതും അപ്പടി അനുസരിച്ചേ മതിയാകൂ. അങ്ങ് ആ അനുസരണവൃത്തിയാണ് നിർവ്വത്തിക്കുവാൻ ഭാവിക്കുന്നതു്. വൈമനസ്യപ്പെടാതിരിക്കൂ. അങ്ങ് ഇന്ന് ഇണ്ടോറിലെ സിംഹാസനം കൈവശമാക്കുകയാണെങ്കിൽ, അതോടു കൂടി അനാഥമായ ഒരു മഹാജനതയെ സനാഥമാക്കി സംരക്ഷിക്കുക, അങ്ങയെ കുറിച്ചു ലോകത്തിനുള്ള തെററിദ്ധാരണയെ നശിപ്പിക്കുക, സ്വയമേവ ഒരതീത വിഭൂതിക്കു മേലാളാവുക, ഒരു പരമഭക്തനെന്നോണം ദൈവശാസനയെ നിറവേററുക, ഒരുത്തമ മഹാരാഷ്ട്ര യോധന്റെ കടമ നിവർത്തിക്കുക എന്നിങ്ങിനെയുള്ള മഹൽകൃത്യങ്ങളും കൂടി ചെയ്യുതീർക്കുന്നുണ്ടു്.

ജസ്വ: അതെല്ലാം ഞാനും മനസ്സിലാക്കികഴിഞ്ഞിരിക്കുന്നു.

സുബ്ബ: പിന്നേയും അങ്ങ് എന്തിനാണ് സംശയിക്കുന്നതു്. അങ്ങ് ഈ ഉദ്യമത്തിൽ ഇറങ്ങി പുറപ്പെടുകയാണെങ്കിൽ, നാനാപ്രകാരേണേയും സഹായിക്കുവാൻ പേശ്വ തയാറുണ്ടെന്നു അങ്ങയെ അറിയിക്കുവാനാണ് എന്നെ നിയോഗിച്ചിട്ടുള്ളത്.

ജസ്വ: ഹാ! ഇത്രയും ആനുകൂല്യങ്ങളോ!

സുബ്ബ: പിന്നെ. ലോകം അങ്ങയുടെ ഭാഗത്തുണ്ടു്. യഥാർത്ഥത്തെ നിരീക്ഷിച്ചുകൊണ്ടേ അതു മുന്നോട്ടു പോവുകയുള്ളു. അതുകൊണ്ടു നാം കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം എന്നുമാത്രം. അങ്ങയുടെ സ്വയംഗതമായ ഭാഗ്യത്തെ തട്ടിപ്പറിച്ചുവെന്നായിതീരുന്ന ജനാഭിപ്രായംത്ത ഭയന്നു മാത്രമാണ് പേശ്വ ഈ കാര്യത്തിൽ ഉദ്യുക്തനാവാതിരുന്നതു്.

ജസ്വ: ഞാനെത്ര ഭാഗ്യവാൻ! ഞാൻ എന്നെ അറിയാതെ ഇത്രയും കാലം വിഫലമാക്കിക്കളഞ്ഞു. എന്റെ അടുത്ത സംരംഭം ഇണ്ടോറിനെ കൈവശപ്പെടുത്തുകയാണ്. (കടലാസ്സുകൾ തള്ളി നീക്കി ഉത്സാഹപൂർവ്വം ചാടി എഴുനേററുകൊണ്ടു്)

ഹിന്ദുസ്ഥാനി ബ്യാഗ്—ആദി.

സംഗര ചിംഗിതത്രൂഢമിദാനീം
ഭംഗിയിലാടാൻ താൻഭാവം.


സുബ്ബ: ഭാരതീയമഭിമാന നിദാനം

ജസ്വ: ധീരലക്ഷണ രണമതിമാനം

(രണ്ടാളും കൂടി) ആയോധന മതിരൂഢമിദാനീം
ആടുവതിന്നേവം ഭാവം.

പോകുന്നു.)

(കർട്ടൻ വീഴുന്നു.) (തുടരും)



നേപ്പിൾസ് തുറമുഖത്ത് സൈന്യങ്ങൾ വന്നിറങ്ങുന്നു.

ഇററലിക്കാർ നിരന്നു നിന്നു ആഗതരെ സ്വാഗതം ചെയ്യുന്നതാണ് ചിത്രത്തിൽ കാണുന്നത്.

# പരാജയത്തിന്മേൽ

(സഹദേവൻ)

നേരം പാതിരാവായി. സൈന്യാധിപന്മാരുടെ സമ്മേളനം അവസാനിച്ചു. വൈദ്യുദ്ദീപങ്ങൾ അത്യാവശ്യം വേണ്ടവയൊഴിച്ചു ബാക്കിയെല്ലാം അണഞ്ഞു. പരിചാരകന്മാരിൽ പലരും പിൻവാങ്ങി. ഹിററ്ലർ മാത്രം തന്റെ മുറിയിൽ വിളക്കണയ്ക്കാതെ എന്തോ നോക്കിക്കൊണ്ടിരിക്കുന്നു. ഏതോ ഒരു രഹസ്യറിപ്പോർട്ട് വായിക്കുന്നതുപോലെയാണ് കാണുന്നത്. ഇടക്കു മന്ദഹസിക്കുന്നുണ്ട്. മററു ചിലസമയത്തു ഗൌരവം നടിക്കുന്നുമുണ്ട്. ചിലപ്പോൾ അഗാധചിന്ത സൂചിപ്പിക്കും. ആ സമയത്തു തന്റെ സ്വന്തം കാർ ഗൃഹത്തിന്റെ മുൻഭാഗത്തു വന്നുനിന്നു. ഉടനെ താൻ മുറിയിൽനിന്ന് പുറത്തു വന്ന് ആഗതനെ സ്വീകരിക്കാനായി പൂമുഖം വരെ നടന്നു. അപ്പോഴേക്കു കാറിൽനിന്ന് ഒരതികായൻ പുറത്തിറങ്ങി ഹിററ്ലർക്കഭിമുഖമായിവന്നു. രണ്ടുപേരും അന്യോന്യം ആശ്ലേഷം ചെയ്തു ഹിററ്ലരുടെ സ്വകാര്യ മുറിയിലേക്കു പോയി. അവരുടെ സംഭാഷണം രസകരമായിരിക്കാനിടയുണ്ട്. കാറിൽനിന്നിറങ്ങിയതു മുസ്സോളിനിയായിരുന്നു. ജർമ്മൻ വിമാനങ്ങൾ അദ്ദേഹത്തെ റാഞ്ചിക്കൊണ്ടു വന്നിരിക്കയാണ്.

ഹിററ്ലർ: ഇററലിയിൽ ബഹളം ഉണ്ടായപ്പോൾ ഒന്ന് പരിഭ്രമിച്ചു ഇല്ലേ? എന്റെ അനുചരന്മാർ നിങ്ങളെ ആ ദ്വീപിൽനിന്ന് റാഞ്ചിക്കൊണ്ടു വന്നതു സകലരേയും അമ്പരപ്പിച്ചില്ലേ? ജർമ്മൻ വിമാന സേനയുടെ ശക്തി ക്ഷയിച്ചുവെന്നാണ് എതിർഭാഗക്കാരുടെ വിചാരം. അതില്ലെന്ന് ഇപ്പോഴെങ്കിലും ബോദ്ധ്യമായിരിക്കണം.

മുസ്സോലിനി: ഈ റാഞ്ചൽ വൈമാനിക ചരിത്രത്തിൽ ഒരത്ഭുതമായിത്തന്നെയാണ് കരുതേണ്ടിയിരിക്കുന്നത്. പക്ഷെ അതുകൊണ്ടു ഞാൻമാത്രമല്ലെ രക്ഷപ്പെട്ടുള്ളു. ഇററലിയുടെ ഒരു ഭാഗം അവർ കയ്യേറിയല്ലൊ.

ഹിററ്ലർ: തല്ക്കാലം കയ്യേറിയതുകൊണ്ടു എന്നേക്കും കയ്യുശമായിയെന്നു വിചാരിക്കേണ്ട.

മുസ്സോലിനി: നാം ആദ്യം വിചാരിച്ചപോലെയല്ല കാര്യങ്ങൾ പോകുന്നതു് എന്ന് കാണുമ്പോൾ എനിക്കു കുണ്ഠിതമുണ്ട്.

ഹിററ്ലർ: ഇതു ഒരു ലോക മഹാ യുദ്ധമാണെന്നു ഓർമ്മ വേണം. ലോകത്തിലെ രണ്ടു വലിയ ശക്തികളോടാണ് നാം എതിർത്തു നില്ക്കുന്നതും. ഇതുവരെ നേരിട്ടു കാര്യം പറയത്തക്ക സ്ഥിതിയും അവർക്ക് കൈവന്നിട്ടില്ല. ഇത്രത്തോളം സാധിച്ചതു ചില്ലറ കാര്യമാണോ?

മുസ്സോലിനി: യുദ്ധം തുടങ്ങിയതു ജർമ്മൻ സൈന്യാധിപതി. അടികൊണ്ടതൊ ഇററാലിയൻ സർവ്വാധിപതിക്ക്. "കോന്തൻ കുടിച്ചു കോരപ്പന്ന് അമല്" എന്നായല്ലൊ സ്ഥിതി.

ഹിററ്ലർ: ആഫ്രിക്കയിൽ നിങ്ങൾ ഉഴലിഞ്ഞു സഹായിച്ചില്ല.

മുസ്സോലിനി: ആഫ്രിക്കയിലും എനിക്കല്ലെ വലിയ നഷ്ടം വന്നത്. ഞാൻ കഷ്ടപ്പെട്ടു സമ്പാദിച്ച അബ്സിസീനിയ എത്രയെളുപ്പത്തിലാണവർ തട്ടിയെടുത്തതു്? എന്റെ സഹായക്കുറവല്ല പരാജയത്തിന്നു കാരണം. ശത്രുക്കളുടെ ഭയങ്കരസന്നാഹമാണ് ഞങ്ങളെ അന്തം വിടീച്ചതു്.

ഹിററ്ലർ: അങ്ങിനെ സന്നാഹം ചെയ്തിട്ടു തന്നെ അവരുടെ ധനം നശിച്ചുപോകട്ടെ.

മുസ്സോലിനി: അപ്പോൾ റഷ്യയിലെ കാര്യമോ? അതിലുത്തരവാദങ്ങൾക്കാരുമില്ലല്ലോ.

ഹിററ്ലർ: അതിലെന്താ? പിടിച്ചെടുത്ത ഭാഗം വിട്ടുകൊടുക്കയല്ലാതെ നമ്മുടെ തടിക്കു പിടിക്കുവാൻ തരമായിട്ടില്ലല്ലൊ. അതുകൊണ്ടു വിഷാദം വേണ്ടാ. റഷ്യക്കാർ അവരുടെ സ്ഥലം വിട്ടു കളിതുടങ്ങട്ടെ. അപ്പോൾ കാണാം അവർക്കു പററുന്ന അമളി.

മുസ്സോലിനി: ജർമ്മൻ സേന അജയ്യമാണെന്നുള്ള ശ്രുതിക്കു അല്പം ഹാനി തട്ടിയില്ലേ?

ഹിററ്ലർ: അതു വീണ്ടും ആ വക സ്ഥലങ്ങളെ ആക്രമിക്കുമ്പോൾ അവർക്കു മനസ്സിലായിക്കൊള്ളും.

മുസ്സോലിനി: അതിരിക്കട്ടെ നമുക്കു രണ്ടുപേർക്കും ഒരടി പററിയെന്നു സമ്മതിക്കാതെ തരമില്ല. ഇനിയെങ്കിലും കൂടിയാലോചിച്ചതിന്നു ശേഷം ആക്രമണങ്ങൾ തുടങ്ങിയാൽ മതി!

ഹിററ്ലർ: ആലോചനയുടെ കാര്യം ഇപ്പോൾ തീർച്ചയാക്കേണ്ടതില്ല. പ്രായം എന്നെക്കാൾ കൂടുമെങ്കിലും പരിചയം എനിക്കു കൂടുമെന്നു യുദ്ധഗതി തന്നെ വിളിച്ചുപറയുന്നുണ്ട്. എന്റെ സമ്പാദ്യം പോകുന്നുവെന്നല്ലാതെ മുതലിന്നു ഹാനിയൊന്നും പററിയിട്ടില്ലല്ലൊ.

മുസ്സോലിനി: കൂട്ടുപിടിച്ചതുകൊണ്ടല്ലെ അങ്ങിനെ പററിയതു്.

ഹിററ്ലർ: കൂട്ടുപിടിച്ചതുകൊണ്ടു ജീവൻ കിട്ടിയെന്നു പറയൂ. അതിലും വലിയതാണോ മറെറാക്കെ.

ഹിററ്ലരുടെ സ്വരം മാറിക്കണ്ടപ്പോൾ മുസ്സോലിനി ക്ഷീണം നടിച്ചു അടുത്ത മുറിയിൽ പോയി വിശ്രമിച്ചു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, " VICTORY HOUSE ", MOUNT ROAD, MADRAS.